04
2026
ജൂൺ
വ്യാഴം
ഇടവം 21

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 113 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-113 | പേജ് 4. വില 2.00 രൂപ




02 ഈറ്റ ഉൽപ്പന്ന നിർമാണത്തിൽ യന്ത്രവത്കരണവുമായി എറണാകുളം കെവികെ

03 പമ്പയാറ്റിൽ ചൂണ്ടയിട്ടവർക്ക് ലഭിച്ചത് ചാക്കുകെട്ട്; ഉള്ളിൽ തലയോട്ടിയും തുണിക്കഷണങ്ങളും

04 പ്രതിപക്ഷത്തിനുമേൽ ആക്രമണത്തിന്റെ ശരമാരി..

# മുതലപ്പൊഴി നിർമാണ പ്രവർത്തനത്തിൽ ഇഴച്ചിൽ

## അതൃപ്തി രേഖപ്പെടുത്തി ന്യൂനപക്ഷ കമ്മീഷൻ



തിരുവനന്തപുരം: മുതലപ്പൊഴിയിലെ തുടർച്ചയായ അപകടങ്ങളെത്തുടർന്ന് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സ്വമേധയാ എടുത്ത കേസിൽ അധികൃതർക്ക് നിർദ്ദേശം. തിരുവനന്തപുരത്തെ കമ്മീഷൻ ആസ്ഥാനത്തെ കോർട്ട് ഹാളിൽ ചെയർമാൻ അഡ്വ. എ. എ. റഷീദിന്റെ നേതൃത്വത്തിൽ നടന്ന സിറ്റിംഗിലാണ് ഹർജികൾ പരിഗണിച്ചത്. മുതലപ്പൊഴി അഴിമുഖത്തെ മണൽ നീക്കുന്നതിനും പുലിമുട്ട് നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അധികൃതർ അറിയിച്ചെങ്കിലും, നിലവിലെ ജോലികളുടെ വേഗതയിൽ കമ്മീഷൻ കടുത്ത അതൃപ്തി രേഖപ്പെടുത്തി. കരാർ കാലാവധി അവസാനിക്കാറായിട്ടും പല കമ്പനികളും പകുതി ജോലി പോലും തീർത്തിട്ടില്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു.

ഒന്നര വർഷത്തെ കാലാവധിയിൽ 420 മീറ്റർ പുലിമുട്ട് നിർമ്മിക്കാനായിരുന്നു കരാറെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും 200 മീറ്റർ മാത്രമാണ് പൂർത്തിയാക്കാൻ കഴിഞ്ഞത്. ഇപ്പോൾ കാലവർഷം തുടങ്ങിയതിനാൽ പുലിമുട്ടിന്റെ നീളം കൂട്ടുന്ന ജോലികൾ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണെന്ന് ഹാർബർ എഞ്ചിനീയറിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കമ്മീഷനെ അറിയിച്ചു. അതേസമയം, പൊഴിയിലെ മണൽ നീക്കാൻ കൊണ്ടുവന്ന ഡ്രഡ്ജർ ശക്തമായ തിരമാലകളിൽപ്പെട്ട് കേടായതായി ജില്ലാ കളക്ടർ വിശദീകരിച്ചു. പുതിയ ഡ്രഡ്ജിംഗിനായി ടെൻഡർ വിളിച്ചെങ്കിലും കരാറുകാർ ചോദിച്ച തുക എൽ. എം. ആർ നിരക്കിനേക്കാൾ കൂടുതലായതിനാൽ കരാർ ഉറപ്പിക്കാനായില്ല. ഇതിന് പകരമായി അദാനി പോർട്ടിന്റെ ഡ്രഡ്ജർ ഉപയോഗിച്ച് മണൽ നീക്കാൻ സർക്കാർ തലത്തിൽ തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും കളക്ടർ കമ്മീഷനെ അറിയിച്ചു.

കാലവർഷം എത്തിയിട്ടും സുരക്ഷാ ജോലികൾ തീർക്കാൻ കഴിയാത്തതിൽ കമ്മീഷൻ ഉത്കണ്ഠ രേഖപ്പെടുത്തി. മുതലപ്പൊഴിയിലെ അപകടങ്ങൾ ഒഴിവാക്കാനും നിർമാണങ്ങൾ സമയബന്ധിതമായി തീർക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കമ്മീഷൻ ഉത്തരവിട്ടു. ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അടിയന്തര യോഗം വിളിച്ചുചേർക്കാൻ ജില്ലാ കളക്ടർക്ക് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് തങ്ങളുടെ പരാതികൾ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് 9746515133 എന്ന നമ്പറിലൂടെ വാട്സാപ്പ് വഴിയും സമർപ്പിക്കാവുന്നതാണെന്നും കമ്മീഷൻ അറിയിച്ചു.

# എയിംസ് കൊണ്ടുവരാൻ സാധിച്ചില്ലെങ്കിൽ രാഷ്ട്രീയം വിടും: സുരേഷ് ഗോപി

കൊച്ചി: കേരളത്തിൽ എയിംസ് കൊണ്ടുവരാൻ സാധിച്ചില്ലെങ്കിൽ രാഷ്ട്രീയം വിടുമെന്ന് സുരേഷ് ഗോപി എംപി. എയിംസ് സാധ്യമായില്ലെങ്കിൽ വോട്ട് ചോദിച്ചു വരില്ലെന്നും സുരേഷ് ഗോപി പറഞ്ഞു. ഇത്തരത്തിൽ ഏത് എംപിയാണ് നിങ്ങളോട് പറയുകയെന്നും അദ്ദേഹം ചോദിച്ചു.

അനുയോജ്യമായ അഞ്ചു സ്ഥലങ്ങൾ കണ്ടെത്തി കേന്ദ്രത്തെ അറിയിക്കുക എന്നതാണ് അടുത്ത നടപടി. കേരളത്തിൽ എവിടെ വേണമെങ്കിലും സ്ഥലം തരാമെന്ന ആരേഗ്യമന്ത്രി കെ. മുരളീധരൻറെ സമീപനം വളരെ പോസിറ്റീവ് ആണെന്നും സുരേഷ്ഗോപി പറഞ്ഞു.

ആലപ്പുഴയും ഇടുക്കിയും ആണ് സംസ്ഥാനത്ത് എയിംസ് വരേണ്ട സ്ഥലങ്ങൾ. കേരളത്തിന് ഏക എംപിയെ സമ്മാനിച്ച തൃശൂരിനും എയിംസിന് അവകാശമുണ്ട്. രേഖാമൂലം കാര്യങ്ങൾ നീക്കിയാൽ അടുത്ത ബജറ്റിന് മുമ്പ് കേരളത്തിന് എയിംസ് ലഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. കഴിഞ്ഞ മുഖ്യമന്ത്രി കോഴിക്കോട് മാത്രമേ സ്ഥലം ഉള്ളൂ എന്ന് പറഞ്ഞതുകൊണ്ടാണ് എയിംസ് നിഷേധിക്കപ്പെട്ടത്.

ഇന്ധന വില വർധനവിൽ സംസ്ഥാനം ടാക്സ് കുറയ്ക്കുന്നതിന് തയാറാകണമെന്നും സുരേഷ് ഗോപി കൂട്ടിച്ചേർത്തു.

# കുവൈറ്റ് വിമാനത്താവളത്തിന് നേരെ ആക്രമണം; ഇന്ത്യക്കാരൻ കൊല്ലപ്പെട്ടു

കുവൈറ്റ്: കുവൈറ്റ് വിമാനത്താവളത്തിന് നേരെയുണ്ടായ ആക്രമണത്തിൽ ഇന്ത്യക്കാരൻ കൊല്ലപ്പെട്ടെന്ന് സ്ഥിരീകരണം. ഇന്ത്യൻ എംബസിയാണ് ഇക്കാര്യം സ്ഥിരീകരിച്ചത്. എന്നാൽ മരിച്ചയാളുടെ പേര് വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല.

കുവൈറ്റ് വിമാനത്താവളത്തിന് നേരെ ഇറാൻ നടത്തിയ ഡ്രോൺ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെടുകയും 63 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. പരക്കേറ്റവരിൽ ഏഴ് പേർക്ക് അടിയന്തര ശസ്ത്രക്രിയ വേണ്ടി വന്നു. ഇന്ന് പുലർച്ചെ ആയിരുന്നു ആക്രമണം. വിമാനത്താവളത്തിന് നേരെയുണ്ടായ ഇറാൻറെ ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. ആക്രമണത്തിൽ ടി1 യാത്രാ ടെർമിനലിന് കേടുപാടുകൾ സംഭവിച്ചിരുന്നു.

യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷയാണ് പരമപ്രധാനമെന്നും വിമാനത്താവള പ്രവർത്തനങ്ങൾ സാധാരണ നിലയിലേക്ക് മടങ്ങുന്നതിനുള്ള നടപടികൾ തുടരുകയാണെന്നും ഡിജിസിഎ അറിയിച്ചു.അതേസമയം ആക്രമണത്തെ ശക്തമായി അപലപിച്ച കുവൈറ്റ് തിരിച്ചടിക്കുമെന്ന സൂചന നൽകിയിട്ടുണ്ട്. ആക്രമണത്തിന് പിന്നാലെ സർവീസുകൾ നിലച്ചിരുന്നെങ്കിലും സുരക്ഷ വിലയിരുത്തലുകൾക്ക് ശേഷം കുവൈറ്റ് എയർവേയ്സ് സർവീസുകൾ പുനരാരംഭിച്ചു.

സാങ്കേതിക വിദഗ്ധ സംഘങ്ങളും ബന്ധപ്പെട്ട അധികൃതരും നാശനഷ്ടങ്ങൾ വിലയിരുത്തി ആവശ്യമായ സുരക്ഷാ നടപടികൾ പൂർത്തിയാക്കിയ ശേഷമാണ് സർവീസുകൾ പുനരാരംഭിച്ചത്. യാത്രക്കാർ തങ്ങളുടെ വിമാന സമയവും യാത്രാ വിവരങ്ങളും സ്ഥിരീകരിക്കുന്നതിനായി നേരിട്ട് കുവൈറ്റ് എയർവേയ്സുമായി ബന്ധപ്പെടണമെന്ന് അധികൃതർ അറിയിച്ചു.

# കൊല്ലം പോലീസിൻറെ പിടിയിലായത് സീരിയൽ കില്ലറെന്ന് സംശയം; അറസ്റ്റ് വയോധികനെ കൊലപ്പെടുത്തിയ കേസിൽ

കൊല്ലം: കൊല്ലം കമ്മിഷണർ ഓഫീസിന് മുന്നിൽ കടത്തിണ്ണയിൽ ഉറങ്ങിക്കിടന്ന വയോധികനെ കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതി പിടിയിൽ. തമിഴ്നാട് തക്കല സ്വദേശി വിജുവാണ് പിടിയിലായത്. രാജേന്ദ്രൻ എന്ന വയോധികൻ ആയിരുന്നു കൊല്ലപ്പെട്ടത്.

മേയ് 24ന് രാത്രി ആയിരുന്നു കേസിന് ആസ്പദമായ സംഭവം. സിസിടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. തമിഴ്നാട് വാൽപാറയിൽനിന്നാണ് പ്രതിയെ സിറ്റി ഡാൻസാഫ് ടീം പിടികൂടിയത്.

പിടിയിലായ വിജു സീരിയൽ കില്ലർ ആണോയെന്നു പോലീസ് സംശയിക്കുന്നു. ഏപ്രിൽ 19ന് നടന്ന സമാനമായ മറ്റൊരു കേസിലും ഇയാൾ പ്രതിയാണെന്നു പോലീസ് സംശയിക്കുന്നുണ്ട്. ഏപ്രിലിൽ കൊല്ലപ്പെട്ട വയോധികനും കടത്തിണ്ണകളിൽ അന്തിയുറങ്ങുന്നയാളാണ്.

രണ്ടു കേസുകളിലെയും സമാനതകളാണ് പ്രതി ഇയാൾ തന്നെയാണോയെന്നു സംശയിക്കാൻ കാരണം. നിലവിൽ രണ്ടാമത്തെ കൊലപാതക കേസിലാണ് പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രതിയെ വിശദമായി ചോദ്യം ചെയ്യുന്നതിലൂടെ മറ്റേ കേസിലും വ്യക്തത വരുമെന്നാണ് പോലീസിൻറെ വിലയിരുത്തൽ.

# വിമാന യാത്രക്കാർക്ക് ആശ്വാസം; വിമാന ഇന്ധന വില നിയന്ത്രിക്കാൻ 10, 000 കോടി രൂപയുടെ ഫണ്ടുമായി കേന്ദ്രം

ന്യൂഡൽഹി: പശ്ചിമേഷ്യൻ യുദ്ധസാഹചര്യങ്ങളെത്തുടർന്നു കുതിച്ചുയരുന്ന വിമാന ഇന്ധന വിലയിൽ വിമാന കമ്പനികൾക്കും യാത്രക്കാർക്കും വലിയ ആശ്വാസമേകി കേന്ദ്ര സർക്കാരിൻറെ അടിയന്തര ഇടപെടൽ. ഇന്ധനവില ക്രമീകരിക്കുന്നതിനായി 'വിമാന ഇന്ധന വില സ്ഥിരതാ ഫണ്ടിലേക്ക്' 10, 000 കോടി രൂപ കേന്ദ്ര സർക്കാർ വകയിരുത്തി. പശ്ചിമേഷ്യയിലെ കടുത്ത സംഘർഷങ്ങൾ മൂലം ഇന്ധനവില ചുരുങ്ങിയ കാലയളവിൽ 2.5 മടങ്ങ് വർധിച്ച സാഹചര്യത്തിലാണ് ഈ അടിയന്തര നടപടിയെന്നു കേന്ദ്ര വാർത്താവിതരണ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.

കഴിഞ്ഞ മാർച്ചിൽ ലിറ്ററിന് 60. 5 രൂപയായിരുന്ന വിമാന ഇന്ധന നിരക്ക്, യുദ്ധ പ്രതിസന്ധിയെ തുടർന്ന് മേയ് മാസത്തോടെ 142 രൂപയായി കുതിച്ചുയർന്നിരുന്നു. ഇതേത്തുടർന്ന് ആഭ്യന്തര സർവീസുകൾക്കുള്ള ഇന്ധന നിരക്ക് ലിറ്ററിന് 75.6 രൂപയായി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇന്ധനവില വർധന മൂലം വിമാനക്കൂലി അനിയന്ത്രിതമായി ഉയരുന്നതു തടയാനും ആഭ്യന്തര വ്യോമയാന മേഖലയെയും സാധാരണക്കാരായ വിമാന യാത്രക്കാരെയും വലിയ സാമ്പത്തിക പ്രതിസന്ധിയിൽനിന്നു സംരക്ഷിക്കാനും കേന്ദ്രത്തിൻറെ ഈ സുപ്രധാന തീരുമാനം സഹായിക്കും.

# കുടുംബശ്രീ കരാർ ജീവനക്കാരുടെ കരാർ പുതുക്കേണ്ടതില്ലെന്ന് ഉത്തരവ്

തിരുവനന്തപുരം: കുടുംബശ്രീ സംസ്ഥാന ജില്ലാ മിഷനുകളിലെ കരാർ ജീവനക്കാരുടെ കാലാവധി പുതുക്കുന്നത് മരവിപ്പിച്ചുകൊണ്ട് എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ്. കുടുംബശ്രീയിൽ സംസ്ഥാന, ജില്ലാ മിഷനുകളിൽ കോ-ഓർഡിനേറ്റർ, അസി. കോ-ഓർഡിനേറ്റർമാർ ഒഴികെ മറ്റുള്ളവരെല്ലാം കരാർ ജീവനക്കാരാണ്.

154 ജില്ലാ പ്രോഗ്രാം മാനേജർമാർ, 608 ബ്ലോക്ക് കോർഡിനേറ്റർമാർ, 1070 സിഡിഎസ് അക്കൗണ്ടൻറുമാർ, 45 സിറ്റി മിഷൻ മാനേജർ, 45 സോഷ്യൽ ഡവലപ്മെൻറ് സ്പെഷ്യലിസ്റ്റ്, 535 കമ്യൂണിറ്റി കൗൺസിലർ, 28 ജില്ലാ അക്കൗണ്ടൻറ്, 43 എസ്വിഇപി ജില്ലാ അക്കൗണ്ടൻറുമാർ, 59 സംസ്ഥാന മിഷനിൽ മാനേജർ, പിആർ ടീം മൂന്ന്, അട്ടപ്പാടി പദ്ധതിയിൽ ഒൻപത് പേർ, ട്രൈബൽ സ്പെഷൽ പ്രോജക്ടിൽ 17 പേർ, മറ്റുളളവർ എട്ട് എന്നിങ്ങനെ 2,624 പേരാണ് കരാർ ജീവനക്കാരായുള്ളത്.

കുടുംബശ്രീയെ ചലിപ്പിക്കുന്നതിൽ ഇവർക്ക് പ്രധാന പങ്കുണ്ട്. കരാർ ജീവനക്കാരുടെ നിയമനം തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നിർത്തിവച്ചിരുന്നു. പെരുമാറ്റച്ചട്ടം അവസാനിക്കുന്ന മെയ് ആറിന് നടപടികളിലേക്ക് കടക്കാൻ ജില്ലാ മിഷനുകൾക്ക് സംസ്ഥാന മിഷൻ നിർദേശം നൽകിയിരുന്നു.

മെയ് ഏഴിനാണ് പുതിയ ഉത്തരവു വന്നത്. ജൂൺ ഒന്നിനുശേഷമുള്ള അറിയിപ്പനുസരിച്ചു നിയമനം മതിയെന്നും ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടെങ്കിൽ റദ്ദാക്കാനുമാണ് നിർദേശം. വേതനത്തിലുപരി അവധി ദിവസങ്ങളിലും അധികസമയവും ജോലി ചെയ്യുന്നവരാണ് കരാർ ജീവനക്കാർ.

# സിപിഎം മുൻ ഏരിയ സെക്രട്ടറി ബിജെപിയിൽ ചേർന്നു

തിരുവനന്തപുരം: സിപിഎം മുൻ ഏരിയ സെക്രട്ടറി ബിജെപിയിൽ ചേർന്നു. കഴക്കൂട്ടം സിപിഎം മുൻ ഏരിയ സെക്രട്ടറി എസ്. എസ്. ബിജു ആണ് ബിജെപിയിൽ ചേർന്നത്. മാരാർജി ഭവനിൽ സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിൽ നിന്നാണ് ബിജു അംഗത്വം സ്വീകരിച്ചത്.

ഇക്കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിൽ സൈനിക് സ്കൂൾ വാർഡിലെ സ്ഥാനാർഥിയായിരുന്നു ബിജു. നിയമസഭാ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ നിന്ന് ബിജു പൂർണമായും വിട്ടുനിന്നിരുന്നു. സംഭവത്തിൽ ബിജുവിനെതിരെ പാർട്ടിക്കുള്ളിൽ നിന്ന് വ്യാപക വിമർശനം ഉയർന്നിരുന്നു.



# ഇഗ്നൈറ്റ് 3.0 ലേക്ക് അപേക്ഷ ക്ഷണിച്ചു ഐടി മേഖലയിൽ ഇൻറേൺഷിപ്പിന് അവസരം

തിരുവനന്തപുരം: ടെക് കമ്പനികൾക്ക് ഇൻറേൺഷിപ്പ് അവസരങ്ങൾ പോസ്റ്റ് ചെയ്യുന്നതിനും അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും ബിരുദധാരികൾക്കും തൊഴിൽപരിചയം ലഭിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഔദ്യോഗിക പ്ലാറ്റ് ഫോമായ ടെക് ഇൻറേൺഷിപ്പ് പോർട്ടൽ 'ഇഗ്നൈറ്റ് 3.0' ആരംഭിച്ചു.

ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിലെ ഐടി കമ്പനികൾ, കേരള സ്റ്റാർട്ടപ്പ് മിഷൻ, ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്), കോഴിക്കോടിലെ ഐടി പ്രൊഫഷണലുകളുടെ സംഘടനയായ കാലിക്കറ്റ് ഫോറം ഫോർ ഐടി (കാഫിറ്റ്) എന്നിവയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ബിരുദധാരികൾക്ക് ഇൻറേൺഷിപ്പ് അവസരങ്ങൾ നൽകുന്ന സംരംഭമാണ് 'ഇഗ്നൈറ്റ് 3.0'.

അവസാനവർഷ ബിരുദ വിദ്യാർത്ഥികൾക്കും ബിരുദം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്കും ഇതിലേക്ക് സൗജന്യമായി രജിസ്റ്റർ ചെയ്യാം. പ്രായപരിധി 25 വയസ്.തൊഴിൽപരിചയം നേടാനും ഭാവിയിലേക്ക് മികച്ച ജോലി ലഭിക്കാനും ഇത് ഉദ്യോഗാർത്ഥികളെ സഹായിക്കും. മികച്ച ഉദ്യോഗാർഥികളെ വ്യവസായങ്ങൾക്ക് ലഭിക്കാനും ഇതു വഴി സാധിക്കും.

കമ്പനികൾക്കും ഉദ്യോഗാർത്ഥികൾക്കും പരസ്പരം കണ്ടെത്തുന്നതിനുള്ള പ്ലാറ്റ് ഫോമായിരിക്കും ഇഗ്നൈറ്റ്. കമ്പനികൾക്ക് ഇൻറേൺഷിപ്പ് അവസരങ്ങൾ ഈ പ്ലാറ്റ് ഫോമിലൂടെ പോസ്റ്റ് ചെയ്യാം. ഉദ്യോഗാർത്ഥികൾക്ക് ഇൻറേൺഷിപ്പിനായി രജിസ്റ്റർ ചെയ്യാനുമാകും. തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കും.ഐസിറ്റി അക്കാദമിയുമായി സഹകരിച്ച് സംസ്ഥാനസർക്കാർ നടപ്പിലാക്കുന്ന ഒരു ഏകീകൃത ടെക് ഇൻറേൺഷിപ്പ് പ്ലാറ്റ് ഫോമാണ് ഇഗ്നൈറ്റ്. ഐടി-ഐടി അനുബന്ധ മേഖലകളിലെ തൊഴിൽ നൈപുണ്യം വർധിപ്പിക്കാനും പ്രതിഭാലഭ്യത ഉറപ്പാക്കാനും ലക്ഷ്യമിട്ട് 2022 ലാണ് സർക്കാർ ഈ പദ്ധതി ആരംഭിച്ചത്.കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുന്നതിനും സന്ദർശിക്കുk:ignite.keralait.org,t.ഫോൺ: 0471 2700811/12/13.




കെവികെയുടെ നേതൃത്വത്തിൽ ബാംബൂ സ്ലൈവറിങ് യന്ത്രം ഉപയോഗിക്കാൻ പരിശീലിപ്പിക്കുന്നു.

# പി.ജി. ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് കോഴ്സിലേക്ക് അപേക്ഷിക്കാം

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ നടത്തി വരുന്ന രണ്ടു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്മെന്റ് കോഴ്സിലേക്ക് 2026-2027 വർഷത്തെ പ്രവേശനത്തിന് ജൂൺ 10 വരെ അപേക്ഷിക്കാം. 50 ശതമാനം മാർക്കോടെ സയൻസ് വിഷയത്തിൽ ബി.എസ്.സി ബിരുദം അല്ലെങ്കിൽ ബി.എസ്.സി/ബി.എ സൈക്കോളജിയിലോ ബി.എസ്.സി ഹോംസയൻസിലോ ബിരുദം നേടിയ പെൺകുട്ടികൾക്ക് കോഴ്സിന് അപേക്ഷിക്കാം.

എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് 45 ശതമാനം മാർക്ക് മതിയാകും. എസ്.സി/എസ്.ടി. വിഭാഗക്കാർക്ക് യോഗ്യതാ പരീക്ഷ പാസ്സായാൽ മതിയാകും. പ്രോസ്പെക്ടസ് www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചു.

ഓൺലൈനിലൂടെയോ അല്ലെങ്കിൽ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകൾ വഴി വെബ്സൈറ്റിലൂടെ ലഭിക്കുന്ന ചെല്ലാൻഫോം ഉപയോഗിച്ചോ അപേക്ഷാഫീസ് ഒടുക്കാം. അപേക്ഷാഫീസ് പൊതു വിഭാഗത്തിന് 800 രൂപയും, എസ്.സി./എസ്.ടി വിഭാഗത്തിന് 400 രൂപയുമാണ്. തുടർന്ന് അപേക്ഷാനമ്പർ, ചെല്ലാൻ നമ്പർ ഇവ ഉപയോഗിച്ച് ഓൺലൈനായി ജൂൺ 12 വരെ അപേക്ഷ സമർപ്പിക്കാം. കൂടുതൽവിവരങ്ങൾക്ക്: 0471-2560361, 362, 363, 364 www.lbscentre.kerala.gov.in.

# ഈറ്റ ഉൽപ്പന്ന നിർമാണത്തിൽ യന്ത്രവത്കരണവുമായി എറണാകുളം കെവികെ

പരമ്പരാഗത ഈറ്റ ഉൽപ്പന്ന നിർമാണ മേഖലയ്ക്ക് കരുത്ത് പകരാൻ യന്ത്രവൽകരണ രീതികളുമായി എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെ.വി.കെ). തൊഴിലാളികൾക്ക് ഏറ്റവും പ്രയാസമേറിയ ഈറ്റ ചീളുകളാക്കൽ ഘട്ടം എളുപ്പമാക്കുന്നതിന് ബാംബൂ സ്ലൈവറിങ് യന്ത്രം പരിചയപ്പെടുത്തി. യന്ത്രത്തിന്റെ ആദ്യഘട്ട പ്രായോഗിക പരിശീലനം കോതമംഗലം കോട്ടപ്പടിയിൽ സംഘടിപ്പിച്ചു.

വിപണിയിൽ ഈറ്റ ഉപയോഗിച്ച് നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് ആവശ്യക്കാർ ഏറെയുണ്ടെങ്കിലും ചീളുകളുണ്ടാക്കിയെടുക്കാനുള്ള കാലതാമസം ഉൽപാദന വർധനവിന് തടസ്സമായി നിലനിൽക്കുകയാണ്. ഇതിന് പരിഹാരമായാണ് സിഎംഎഫ്ആർഐയുടെ കീഴിലുള്ള കെവികെ ബാംബൂ സ്ലൈവറിങ് യന്ത്രം ഉപയോഗിക്കാൻ പരിശീലിപ്പിക്കുന്നത്.നാല് തൊഴിലാളികൾ ഒരു ദിവസം മുഴുവൻ ചെലവഴിച്ച് നിർമ്മിക്കുന്ന ചീളുകൾ, ബാംബൂ സ്ലൈവറിങ് യന്ത്രത്തിന്റെ സഹായത്തോടെ ഒരാൾക്ക് വെറും രണ്ടര മണിക്കൂറിനുള്ളിൽ നിർമ്മിക്കാനാകുമെന്ന് കെവികെ മേധാവി ഡോ. ഷിനോജ് സുബ്രമണ്യൻ പറഞ്ഞു. ഇതിലൂടെ ഉൽപ്പാദനക്ഷമത ഗണ്യമായി വർധിപ്പിക്കാനും തൊഴിലാളികളുടെ ശാരീരിക അധ്വാനം കുറയ്ക്കാനും വരുമാനം മെച്ചപ്പെടുത്താനും സാധിക്കും.

പ്ലാമുടിയിലെ ത്രിവേണി വനിതാ പട്ടികജാതി സംഘത്തിലെ അംഗങ്ങൾക്കാണ് പരിശീലനം നൽകിയത്. ഈറ്റ ഉൽപന്ന നിർമാണമാണ് ഇവരുടെ പ്രധാന ഉപജീവനമാർഗം. ഉൽപ്പാദന ശേഷി വർധിപ്പിക്കുന്നതിനും വിപണിയിലെ ആവശ്യകത കൂടുതൽ ഫലപ്രദമായി നിറവേറ്റുന്നതിനും യന്ത്രവത്കരണം സഹായകമാകും.ഈറ്റയെ ഒരേ കനത്തിലുള്ള ചെറുചീളുകളാക്കി മാറ്റാൻ സഹായിക്കുന്ന ബാംബൂ സ്ലൈവറിങ് യന്ത്രത്തിന്റെ പ്രവർത്തനം, സുരക്ഷാ മുൻകരുതലുകൾ, ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്ന രീതികൾ എന്നിവ പരിശീലനത്തിൽ വിശദീകരിച്ചു.കെവികെ ടെക്നിക്കൽ ഓഫീസർമാരായ പുഷ്പരാജ് ആഞ്ചലോ, റോബിൻ ബിലാം, ടെക്നീഷ്യൻ സിനീഷ് അംബി എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ പട്ടികജാതി ഉപപദ്ധതിയുടെ ഭാഗമായി അങ്കമാലി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്.

# നിഷ്-ൽ ശ്രവണപരിമിതർക്കുള്ള ഡിഗ്രി പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷിക്കാം

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് കേൾവിക്കുറവുള്ള വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന ബി എസ്. സി കംപ്യൂട്ടർ സയൻസ് (എച്ച്ഐ), ബി.കോം (എച്ച്ഐ), ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് (എച്ച്ഐ) എന്നീ ഡിഗ്രി പ്രോഗ്രാമുകളിലേയ്ക്ക് ഓൺലൈനായി അപേക്ഷിക്കാം. പ്രോഗ്രാമുകൾ കേരളാ യൂണിവേഴ്സിറ്റി അംഗീകൃതമാണ്. പ്ലസ് ടു വിജയിച്ചവർക്ക് അപേക്ഷിക്കാം. എൻട്രൻസ് പരീക്ഷയുടെ അടിസ്ഥാനത്തിലാവും പ്രവേശനം. അപേക്ഷഫോറം, പ്രോസ്പെക്ടസ് എന്നിവ http://admissions.nish.ac.in ൽ ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജൂൺ 17.

# സാഹസിക ടൂറിസം പരിശീലനത്തിന് അപേക്ഷിക്കാം

സംസ്ഥാന ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വെഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയും, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസും സംയുക്തമായി തിരുവനന്തപുരത്തു വച്ച് നടത്തുന്ന അഡ്വെഞ്ചർ ആക്ടിവിറ്റി അസ്സിസ്റ്റന്റ് കോഴ്സിൽ (7 ദിവസം) പങ്കാളിയാകുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. എട്ടാം ക്ലാസ് പാസ്സായ 2026 ജൂൺ 1 നു 18 വയസ് തികഞ്ഞവരും 45 വയസ് കഴിഞ്ഞിട്ടില്ലാത്തവരുമായ നല്ല ശാരീരിക ക്ഷമതയുള്ളവർക്ക് അപേക്ഷിക്കാം. ജൂലൈ 20ന് തുടങ്ങുന്ന ബാച്ചിൽ ചേരുന്നതിനായി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ജൂൺ 17 നകം ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്, റെസിഡൻസി, തൈക്കാട്, തിരുവനന്തപുരം - 695014 എന്ന വിലാസത്തിൽ ലഭ്യമാക്കണം. ഇ-മെയിൽ kittstraining@gmail.com, ഫോൺ: 8129816664.

# സംസ്ഥാന പരിസ്ഥിതിമിത്രം പുരസ്കാരങ്ങൾ-2026 പ്രഖ്യാപിച്ചു

പരിസ്ഥിതി സംരക്ഷണ രംഗത്തു ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന വ്യക്തികൾ, സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരെ ആദരിക്കുന്നതിനായി സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് ഏർപ്പെടുത്തിയിട്ടുള്ള 2026 ലെ സംസ്ഥാന പരിസ്ഥിതിമിത്രം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച പരിസ്ഥിതി സംരക്ഷകൻ, പരിസ്ഥിതി ഗവേഷകൻ, പരിസ്ഥിതി പത്ര മാധ്യമ പ്രവർത്തകൻ, പരിസ്ഥിതി സംരക്ഷണ സ്ഥാപനം, തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നീ വിഭാഗങ്ങളിലായാണ് പുരസ്കാരങ്ങൾ നൽകുന്നത്. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.

ലോക പരിസ്ഥിതിദിനമായ ജൂൺ 5-ന് തിരുവനന്തപുരത്തു വച്ചുനടക്കുന്ന സംസ്ഥാനതല പരിസ്ഥിതി ദിനാചരണ ചടങ്ങിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ പുരസ്കാരങ്ങൾ സമർപ്പിക്കും.

ജീജ ഭായ് പി. എം. (പരിസ്ഥിതി സംരക്ഷക പുരസ്കാരം), ഡോ.പി.ജെ. സർലിൻ, പ്രൊഫസർ & ഹെഡ്, പി.ജി. & റിസർച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് സുവോളജി, ഫാത്തിമ മാതാ നാഷണൽ കോളജ്, കൊല്ലം (പരിസ്ഥിതി ഗവേഷക പുരസ്കാരം), ആർ. സാംബൻ, ബ്യൂറോ ചീഫ്, ജനയുഗം ഇടുക്കി ജില്ലാ ബ്യൂറോ, തൊടുപുഴ (പരിസ്ഥിതി അച്ചടി മാധ്യമ പ്രവർത്തക പുരസ്കാരം) എന്നിവർക്കാണ് പുരസ്കാരം ലഭിച്ചത്. സംസ്ഥാനത്തെ പരിസ്ഥിതി സംരക്ഷണരംഗത്തു വിജ്ഞാനവ്യാപനം ഉൾപ്പെടെയുള്ള നൂതനവും, മാതൃകാപരവുമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചതിന്റെ അടിസ്ഥാനത്തിൽ, കാർഷിക കോളേജ്, വെള്ളായണി, തിരുവനന്തപുരം-ത്തെ മികച്ച പരിസ്ഥിതി സംരക്ഷണസ്ഥാപനമായും തൃശ്ശൂർ മുനിസിപ്പൽ കോർപറേഷൻ-നെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപന പുരസ്കാരത്തിനായും തെരഞ്ഞെടുത്തു.

# പ്രമാണ പരിശോധന

01.09.2025 ൽ വിജ്ഞാപനം ചെയ്ത - തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് പ്രസ് മാനേജർ (കാറ്റഗറി നമ്പർ 45/2025), അസിസ്റ്റന്റ് മെഷീൻ ഓപ്പറേറ്റർ (കാറ്റഗറി നമ്പർ 46/2025), കമ്പോസിറ്റർ കം പ്രൂഫ് റീഡർ (കാറ്റഗറി നമ്പർ 47/2025), ഗോൾഡ് സ്മിത്ത് (കാറ്റഗറി നമ്പർ 50/2025) എന്നീ തസ്തികകളിലേക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾ പ്രൊഫൈലിൽ അപ്ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പ്രമാണ പരിശോധന ജൂൺ 8ന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ നടത്തും. അന്നേ ദിവസം രാവിലെ 9 മുതൽ അസിസ്റ്റന്റ് പ്രസ് മാനേജർ തസ്തികയുടേയും, 10 മുതൽ അസിസ്റ്റന്റ് മെഷീൻ ഓപ്പറേറ്റർ തസ്തികയുടേയും, ഉച്ചകഴിഞ്ഞ് 2 മുതൽ കമ്പോസിറ്റർ കം പ്രൂഫ് റീഡർ, ഗോൾഡ് സ്മിത്ത് തസ്തികകളുടേയും പ്രമാണ പരിശോധന നടത്തും. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകുന്നതിനുള്ള മെമ്മോ ഉദ്യോഗാർത്ഥികളുടെ 'ദേവജാലിക' പ്രൊഫൈലിലെ Document Verification Memo -> Download Memo എന്ന ലിങ്കിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസലും വെരിഫിക്കേഷൻ മെമ്മോയും സഹിതം നേരിട്ട് ഹാജരാകണം. പ്രമാണ പരിശോധനയുടെ സമയം, സ്ഥലം, തീയതി എന്നിവ മാറ്റി നൽകുന്നതല്ല. പ്രമാണ പരിശോധന അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പരിലേക്ക് എസ്എംഎസ് മുഖേനയും അയച്ചിട്ടുണ്ട്.അപേക്ഷ സമർപ്പിച്ചതും തുടർനിയമനപ്രക്രിയകളിൽ നിന്നും അയോഗ്യരായിട്ടുള്ള ഉദ്യോഗാർത്ഥികൾക്കുള്ള അറിയിപ്പ് ദേവജാലിക പ്രൊഫൈലിലെ അജജഘലകളഅഠകഛചട > ങഥ അജജഘലകളഅഠകഛചട ൽ അതത് തസ്തികയുടെ അഇഠകഛച കോളത്തിൽ അപേക്ഷയുടെ തൽസ്ഥിതിയും നിരസിക്കുവാനുള്ള കാരണവും നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾക്ക്: www.kdrb.kerala.gov.in.

# ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യണം

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ കോളേജുകളിലെ 2026-27 അദ്ധ്യയന വർഷത്തെ ബി.ടെക് ലാറ്ററൽ എൻട്രി (റെഗുലർ ആൻഡ് വർക്കിംഗ് പ്രൊഫഷണൽസ്) കോഴ്സ് പ്രവേശനത്തിനായി ജൂൺ 13 ന് നടത്തുന്ന പ്രവേശന പരീക്ഷയുടെ ഹാൾ ടിക്കറ്റ് www.lbscentre.kerala.gov.in ലെ അപേക്ഷാർത്ഥികളുടെ ലോഗിൻ വഴി ഡൗൺലോഡ് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560327.

# ഐ.എച്ച്.ആർ.ഡി കംപ്യൂട്ടർ കോഴ്സുകളിലേക്ക് പ്രവേശനം

ഐ.എച്ച്.ആർ.ഡി.യുടെ തിരുവനന്തപുരം മുട്ടട സെന്റർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജി ആൻഡ് സ്കിൽസിൽ ജൂലൈ 1 ന് ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഒരു വർഷം), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (6 മാസം), ഡിപ്ലോമ ഇൻ ഡാറ്റ എൻട്രി ടെക്നിക്സ് ആൻറ് ഓഫീസ് ഓട്ടോമേഷൻ (ഒരു വർഷം), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി സയൻസ് (6 മാസം) പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക് ആൻഡ് സെക്യൂരിറ്റി (ഒരു വർഷം) കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്സ്.സി / എസ്സ്.റ്റി / ഒ.ഇ.സി വിഭാഗക്കാർക്ക് ഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ള പ്രകാരം ഫീസ് സൗജന്യം ലഭിക്കും. വിശദവിവരങ്ങൾക്ക് : 0471-2550612, 8547005087, 9495069307, 8136882389.

# കെൽട്രോൺ കോഴ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചു

കെൽട്രോണിന്റെ തൊഴിലധിഷ്ഠിത കോഴ്സുകളായ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിജിറ്റർ മാർക്കറ്റിംഗ്, കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്, ഡി.സി.എ, പി.ജി.ഡി.സി.എ, വേർഡ് പ്രോസസിംഗ് ആൻഡ് ഡാറ്റ എൻട്രി, ഡി.ടി.പി കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 9544499114, 9946900094.

# കെ-ടെറ്റ്: 5 വരെ അപേക്ഷിക്കാം

ഫെബ്രുവരി 2026 ലെ കെ-ടെറ്റ് പരീക്ഷാ വിജ്ഞാപന പ്രകാരം അപേക്ഷിക്കാനാകാത്തവർക്ക് ജൂൺ 5 വൈകിട്ട് 5 വരെ സമയം അനുവദിച്ചു.

# ഓട്ടോറിക്ഷകളിൽ കുട്ടികളെ വിടരുതെന്ന് നിർദേശമില്ല; പ്രചാരണങ്ങൾ അടിസ്ഥാനരഹിതമെന്ന് എംവിഡി

തിരുവനന്തപുരം: ഓട്ടോറിക്ഷകളിൽ കുട്ടികളെ സ്കൂളിലേക്ക് അയക്കരുതെന്ന തരത്തിൽ മോട്ടോർ വാഹന വകുപ്പ് നിർദേശം നൽകിയതായി പ്രചരിക്കുന്ന വാർത്തകൾ തള്ളി അധികൃതർ. ഇത്തരത്തിൽ യാതൊരു നിർദേശവും നൽകിയിട്ടില്ലെന്നും പ്രചരിക്കുന്ന വാർത്തകൾ വസ്തുതാവിരുദ്ധമാണെന്നും മോട്ടോർ വാഹന വകുപ്പ് അറിയിച്ചു. നിലവിലുള്ള നിയമങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ച് അനുവദനീയമായ എണ്ണം കുട്ടികളുമായി സർവീസ് നടത്തുന്നതിന് ഓട്ടോറിക്ഷകൾക്ക് യാതൊരു വിലക്കുമില്ല. സ്കൂൾ വാഹനങ്ങളുമായി ബന്ധപ്പെട്ട നിലവിലെ ചട്ടങ്ങളിൽ മാറ്റമൊന്നും വന്നിട്ടില്ലെന്നും വകുപ്പ് അറിയിച്ചു. തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കണമെന്നും ഔദ്യോഗിക അറിയിപ്പുകൾ മാത്രം വിശ്വസിക്കണമെന്നും അധികൃതർ വ്യക്തമാക്കി.കുട്ടികളെ സ്കൂൾ ബസുകളിൽ തന്നെ അയയ്ക്കണമെന്നും ഓട്ടോയിൽ സ്കൂളിൽ അയയ്ക്കുന്നത് ഒഴിവാക്കണമെന്നും എംവിഡി നിർദേശച്ചതായി ചില മാധ്യമങ്ങളിൽ വാർത്തകൾ വന്ന സാഹചര്യത്തിലാണ് ഔദ്യോഗിക വിശദീകരണം.

# നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് പണംലഭ്യമാക്കാൻ നടപടിയെടുക്കും: മന്ത്രി ടി. സിദ്ദിഖ്

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് പണം ലഭ്യമാക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്ന് കൃഷിമന്ത്രി ടി. സിദ്ദിഖ്. നിയമസഭാ മീഡിയ ഹാളിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഇതുമായി ബന്ധപ്പെട്ട യോഗം ചേർന്നിരുന്നു. കൃഷിമന്ത്രിക്ക് പുറമെ, സഹകരണ, പൊതുവിതരണ വകുപ്പ് മന്ത്രിമാരും ബാങ്കുകളുടെ പ്രതിനിധികളും വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരിച്ച് പണം നൽകുന്ന പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മാത്രമാണ് ഈ പദ്ധതി ഉണ്ടായിരുന്നത്. പിആർഎസ് വായ്പ പ്രശ്നം യോഗത്തിൽ ചർച്ച ചെയ്തു. നെല്ലിന്റെ പണം നൽകുന്ന കാനറ,എസ്ബിഐ ബാങ്കുകളുടെ കരാർ കാലാവധി നീട്ടാനും തീരുമാനിച്ചു. കർഷകർക്ക് പണം നൽകാനുള്ള തീരുമാനം ആദ്യയോഗത്തിൽ തന്നെ കൈക്കൊണ്ടതാണെന്നും മന്ത്രി പറഞ്ഞു.

# വാക്ക് ഇൻ ഇന്റർവ്യൂ

കേരള വന ഗവേഷണ സ്ഥാപനത്തിൽ ഒരു വർഷം കാലാവധിയുള്ള 'ഞലഴശീമഹ ഈാ എമരശഹശമേശീ ഇലിൃേല ളീൃ ടൗമേശിമയഹല ഉല്ലഹീുാലിേ ീള ഞലറശരശിമഹ ജഹമിേ (ടീൗവേലൃി ഞലഴശീ) ഗവേഷണ പദ്ധതിയിൽ പ്രോജക്ട് അസിസ്റ്റന്റിന്റെ താൽക്കാലിക ഒഴിവിലേക്ക് നിയമനം നടത്തുന്നതിനായി ജൂൺ 9 രാവിലെ 10 ന് സ്ഥാപനത്തിന്റെ തൃശൂർ പീച്ചിയിലുള്ള ഓഫീസിൽ ഇന്റർവ്യൂ നടത്തുന്നു. വിശദവിവരങ്ങൾക്ക്: www.kfri.res.in.

# എൽ.എൽ.ബി പ്രവേശനം: സംവരണ ആനുകൂല്യ സർട്ടിഫിക്കറ്റുകൾ മുൻകൂർ വാങ്ങണം

2026-2027 വർഷത്തെ സംയോജിത പഞ്ചവത്സര, ത്രിവത്സര എൽ.എൽ.ബി കോഴ്സുകളിലേയ്ക്കുള്ള പരീക്ഷാ/പ്രവേശന നടപടികൾ ജൂണിൽ ആരംഭിക്കും. പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്ന സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികളും സംവരണ/വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഓൺലൈൻ അപേക്ഷയോടൊപ്പം തന്നെ കാറ്റഗറി/സംവരണം/വിദ്യാഭ്യാസ ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളും നിശ്ചിത തീയതിക്കകം ഓൺലൈനായി അപ്ലോഡ് ചെയ്യേണ്ടതിനാൽ അവ മുൻകൂറായി വാങ്ങിവയ്ക്കണം. ഓൺലൈൻ അപേക്ഷയോടൊപ്പം നിശ്ചിത തീയതിയ്ക്കകം ഓൺലൈനായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് മാത്രമേ സംവരണാനുകൂല്യം അനുവദിക്കുന്നതിന് പരിഗണിക്കുകയുള്ളൂ എന്നതിനാൽ ഓരോ കാറ്റഗറിയ്ക്കും ബന്ധപ്പെട്ട അധികാരികൾ നിശ്ചയിച്ചിട്ടുള്ള കാലാവധിയ്ക്കുള്ളിലുള്ള സർട്ടിഫിക്കറ്റുകൾ വാങ്ങി സൂക്ഷിക്കേണ്ടതും ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്ന സമയം അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതുമാണ്. ഫോൺ: 0471-2332120.

# സംസ്ഥാനത്ത് 28 ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കും: മന്ത്രി സി പി ജോൺ

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ട്രെയിനികളുടെ പാസിങ് ഔട്ട് പരേഡ് നടന്നു



അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ട്രെയിനികളുടെ പാസിങ് ഔട്ട് പരേഡിൽ ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ അഭിവാദ്യം സ്വീകരിക്കുന്നു.

സംസ്ഥാനത്ത് 28 ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ (എ ടി എ സ്) ആരംഭിക്കുമെന്ന് ഗതാഗത വകുപ്പ് മന്ത്രി സി പി ജോൺ പറഞ്ഞു. തിരുവനന്തപുരത്ത് തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിൽ നടന്ന പതിനേഴാമത് ബാച്ച് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ട്രെയിനികളുടെ പാസിങ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുയായിരുന്നു മന്ത്രി.

വാഹനങ്ങളുടെ ഫിറ്റ്നസ്സ് പരിശോധനക്കായി ഓരോ ജില്ലയിലും ഓട്ടോമേറ്റഡ്, മെഷീൻ നിയന്ത്രിത, ഔട്ട് സോഴ്സ് പിൻതുണയുള്ള രണ്ട് എടിഎസ് വീതമായിരിക്കും സ്ഥാപിക്കുന്നത്. വാഹന ഫിറ്റ്നസ് പരിശോധനയിൽ പരമ്പരാഗത രീതികൾക്ക് പകരം മെഷീൻ അധിഷ്ഠിത സംവിധാനങ്ങളിലേക്കാണ് മാറ്റമെന്നും അദ്ദേഹം പറഞ്ഞു. ആധുനികവൽക്കരണത്തിന്റെയും ഓട്ടോമേഷന്റെയും നിർണായക ഘട്ടത്തിലാണ് പുതിയ തലമുറ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ സേവനത്തിലേക്ക് കടക്കുന്നത്. രാജ്യത്ത് കമ്പ്യൂട്ടർവൽക്കരണം ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനങ്ങളിൽ ഒന്നായ കേരളം വികസിപ്പിച്ച സ്മാർട്ട് മൂവ് ആപ്ലിക്കേഷൻ ദേശീയതലത്തിലെ പരിവാഹൻ സംവിധാനത്തിന് അടിസ്ഥാനമായി. വാഹൻ, സാരഥി പ്ലാറ്റ്ഫോമുകളിൽ നിരവധി മെച്ചപ്പെടുത്തലുകൾ കേരള എംവിഡി ഉദ്യോഗസ്ഥരുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി. ആദ്യ കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധനയും ഡ്രൈവർ പരിശോധനയും കേരളത്തിലാണ് നടപ്പിലാക്കിയത്.

ഡ്രൈവിംഗ് ലൈസൻസ് പരീക്ഷകൾ അക്രഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് ആൻഡ് ടെസ്റ്റിംഗ് സെന്ററുകൾ വഴി കൂടുതൽ സുതാര്യവും ആധുനികവുമാക്കുമെന്നും മന്ത്രി വ്യക്തമാക്കി. എംവിഡി നവീകരണത്തിനായി പ്രത്യേക നവീകരണ സ്കീം ഫണ്ട് രൂപീകരിക്കുമെന്നും ഐസിടി ഉപകരണങ്ങൾ, എൻഫോഴ്സ്മെന്റ് ടാബുകൾ, എ എൻ പി ആർ (അൗ്ീാമശേര ചൗായലൃ ജഹമലേ ഞലരീഴിശശേീി) ക്യാമറകൾ എന്നിവ വ്യാപകമായി ഉപയോഗിക്കുമെന്നും മന്ത്രി അറിയിച്ചു. നികുതി വെട്ടിപ്പ് തടയുകയും നികുതി ശേഖരണം കാര്യക്ഷമമാക്കുകയും ചെയ്യുന്നതിൽ ഉദ്യോഗസ്ഥർ നിർണായക പങ്ക് വഹിക്കണം.

സംസ്ഥാനത്തെ റോഡുകളിൽ സജീവമായി ഓടുന്ന വാഹനങ്ങളുടെ യഥാർത്ഥ കണക്ക് കണ്ടെത്തുന്നതിനായി വാഹന സെൻസസ് ആരംഭിക്കും. വാഹൻ ഡാറ്റ കൂടുതൽ കൃത്യമാക്കുന്നതിലൂടെ സെർവർ ഡൗൺടൈം കുറയ്ക്കാനും സേവനങ്ങൾ വേഗത്തിലാക്കാനും സാധിക്കും.

പൊതുഗതാഗത സംവിധാനത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിനായി എല്ലാ സ്റ്റേജ് കാരിയേജുകൾക്കും വേണ്ടി ഓട്ടോമേറ്റഡ് റൂട്ട് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കും. തത്സമയ ഡാറ്റയുടെ അടിസ്ഥാനത്തിൽ ബസ് സർവീസുകൾ നിരീക്ഷിക്കാനും സമയക്രമം നിയന്ത്രിക്കാനും ഇതിലൂടെ സാധിക്കും. യൂറോപ്പിലെയും അമേരിക്കയിലെയും മാതൃകയിൽ മൊബൈൽ ആപ്പ് വഴി പൊതുഗതാഗത വിവരങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കും.

ഷെയർ ട്രാൻസ്പോർട്ട്, വൈദ്യുത വാഹനങ്ങളുടെ ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഗ്രാമപ്രദേശങ്ങളിലെ കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. വരും ദിവസങ്ങളിൽ എ എൻ പി ആർ (മൗ്ീാമശേര ിൗായലൃ ുഹമലേ ൃലരീഴിശശേീി) അധിഷ്ഠിത ഡാഷ് ക്യാമറകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് റോഡ് സുരക്ഷാ നിർവഹണവും ശക്തിപ്പെടുത്തും. അന്തർ സംസ്ഥാന ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന് അയൽ സംസ്ഥാനങ്ങളുമായി ധാരണയിലെത്തും.

പരിശീലനത്തിന് ശേഷം നിയമങ്ങൾ, സാങ്കേതിക വിദ്യകൾ, പൊതുസേവന രംഗത്തെ മാറ്റങ്ങൾ എന്നിവയെക്കുറിച്ചുള്ള പുതു അറിവുകൾ ഉദ്യോഗസ്ഥർ നിരന്തരമായി ഉൾക്കൊള്ളണമെന്ന് മന്ത്രി നിർദേശിച്ചു.ജനങ്ങളോടുള്ള പെരുമാറ്റത്തിൽ അച്ചടക്കവും മര്യാദയും പുലർത്തണമെന്നും യൂണിഫോമിന്റെ ഗൗരവം കാത്തുസൂക്ഷിക്കണമെന്നും മന്ത്രി പറഞ്ഞു.

32 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ട്രെയിനികളാണ് പരിശീലനം വിജയകരമായി പൂർത്തിയാക്കി പരേഡിൽ പങ്കെടുത്തത്. മന്ത്രി ട്രെയിനികളുടെ പരേഡ് പരിശോധന നടത്തി. തുടർന്ന് സത്യപ്രതിജ്ഞാ ചടങ്ങും സ്ലോ, ക്വിക്ക് ടൈം മാർച്ച് പാസ്റ്റും നടന്നു.പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ച ട്രെയിനികൾക്ക് മന്ത്രി മെഡലുകളും പുരസ്കാരങ്ങളും വിതരണം ചെയ്തു. മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ മികച്ച സേവനത്തിനുള്ള അംഗീകാരമായി ഏർപ്പെടുത്തിയ കേരള ചീഫ് മിനിസ്റ്റേഴ്സ് ട്രാൻസ്പോർട്ട് മെഡലുകളും മന്ത്രി ചടങ്ങിൽ സമ്മാനിച്ചു.

ഗതാഗത കമ്മിഷണർ നാഗരാജു ചക്കിലം, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മിഷണർ പ്രമോജ് ശങ്കർ പി.എസ്, പൊലീസ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ ജയശങ്കർ ആർ, വൈസ് പ്രിൻസിപ്പൽ എസ് അജയ് കുമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# വിവിധ തസ്തികകളിൽ അഭിമുഖം

തിരുവനന്തപുരം ബാർട്ടൺ ഹിൽ സർക്കാർ എൻജിനിയറിങ് കോളേജിൽ ക്ലാർക്ക് കം അക്കൗണ്ടന്റ്, ഓഫീസ് അറ്റൻഡന്റ്, വാച്ച്മാൻ, സ്വീപ്പർ കം സാനിറ്ററി വർക്കർ തസ്തികകളിൽ താൽകാലിക നിയമനത്തിന് അഭിമുഖം നടത്തും. ക്ലാർക്ക് കം അക്കൗണ്ടന്റ് ജൂൺ 9നും, ഓഫീസ് അറ്റൻഡന്റ് 10നും, സ്വീപ്പർ കം സാനിറ്ററി വർക്കർ, വാച്ച്മാൻ അഭിമുഖങ്ങൾ 11നുമാണ്.

യോഗ്യരായ ഉദ്യോഗാർഥികൾ പേര്, മേൽവിലാസം, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി എഴുത്ത് പരീക്ഷയ്ക്കും അഭിമുഖത്തിനുമായി രാവിലെ 10ന് കോളേജിൽ ഹാജരാകണം. കൂടുതൽവിവരങ്ങൾക്ക് http://www.gecbh.ac.in, 04712300484

# പരീക്ഷാഫലം

കേരള മീഡിയ അക്കാദമി പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സ് 2026-27 ബാച്ച് പൊതുപ്രവേശന പരീക്ഷാഫലം പ്രഖ്യാപിച്ചു. പരീക്ഷാഫലം അക്കാദമി വെബ്സൈറ്റായ www.kma.ac.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റിലുള്ള വിദ്യാർത്ഥികളുടെ ഇന്റർവ്യൂ ജൂൺ 10 രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെ കൊച്ചി കാക്കനാടുള്ള അക്കാദമി ആസ്ഥാനത്ത് നടക്കും.

# ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ച് അപകടം; ആറു പേർക്ക് പരിക്ക്

ന്യൂഡൽഹി: ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ ഒരു വീട് പൂർണമായും തകർന്നു. ആറ് പേർക്ക് പരിക്കേറ്റു.വടക്കൻ ഡൽഹിയിലെ മുകുന്ദ്പൂരിലാണ് സംഭവം. അവശിഷ്ടങ്ങൾക്കിടയിൽ ആളുകൾ കുടുങ്ങി കിടക്കുന്നതായാണ് റിപ്പോർട്ട്.

'സിലിണ്ടർ പൊട്ടിത്തെറിച്ചുണ്ടായ സ്ഫോടനത്തെത്തുടർന്ന് ഏകദേശം 250 ചതുരശ്ര യാർഡ് വിസ്തീർണമുള്ള ഒരു നില വീടാണ് തകർന്നത്. രക്ഷാപ്രവർത്തനം തുടരുകയാണ്'.-പോലീസ് പറഞ്ഞു.

അപകടകാരണം അന്വേഷിച്ചുവരികയാണെന്നും ഉദ്യോഗസ്ഥർ പറഞ്ഞു. പരിക്കേറ്റവരുടെ അവസ്ഥ സംബന്ധിച്ച വിവരങ്ങൾ പുറത്തുവന്നിട്ടില്ല.

# ഗാർഡ്നർ തസ്തികയിൽ നിയമനം; ജൂൺ 15 വരെ അപേക്ഷിക്കാം

സാംസ്കാരിക വകുപ്പിന്റെ പാലക്കാട് വി.ടി. ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയത്തിൽ ഗാർഡനർ തസ്തികയിലേക്ക് (1 ഒഴിവ്) ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. എട്ടാം ക്ലാസിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. മലയാളം, തമിഴ്, കന്നഡ ഭാഷകളിൽ സാക്ഷരത ഉണ്ടായിരിക്കണം. കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, രജിസ്റ്റർ ചെയ്ത സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഗാർഡനറായി ഒരു വർഷത്തെ പ്രവൃത്തി പരിചയമോ, ലിമിറ്റഡ് കമ്പനിയിലോ സർക്കാർ വകുപ്പിലോ പൂന്തോട്ട പരിപാലന രംഗത്ത് ഒരു വർഷത്തെ പ്രവൃത്തി പരിചയമോ ഉണ്ടായിരിക്കണം. പ്രായപരിധി 35 വയസ്സ്. അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്.വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയും സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം ജൂൺ 15 വൈകുന്നേരം 5 നകം സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം, അനന്തവിലാസം കൊട്ടാരം, ഫോർട്ട് പി.ഒ., തിരുവനന്തപുരം-23 എന്ന വിലാസത്തിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2478193.

# അധികാരത്തിന് പിന്നാലെ പാർട്ടിയും മമതയ്ക്ക് നഷ്ടമാകുമോ തൃണമൂൽ പിളർപ്പിലേക്കെന്ന് സൂചന

കോൽക്കത്ത: പശ്ചിമ ബംഗാളിൽ തൃണമൂൽ കോൺഗ്രസ് പിളർപ്പിലേക്കെന്ന് സൂചന. പ്രതിപക്ഷ നേതാവിനെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് നിലനിൽക്കുന്ന അനശ്ചിതത്വങ്ങൾക്കൊടുവിലാണ് ടിഎംസി പിളർപ്പിലേക്ക് നീങ്ങുന്നത്.

പ്രതിപക്ഷ നേതാവായി വിമതൻ റിതബ്രത ബാനർജിയെ ആണ് പിന്തുണയ്ക്കുന്നത്. എന്നാൽ ശോഭൻദേബ് ചതോപാധ്യായയെ ആണ് മമത ബാനർജി പ്രതിപക്ഷ നേതൃ സ്ഥാനത്തേക്ക് പരിഗണിക്കുന്നത്. 80 എംഎൽഎമാരിൽ 50 പേരുടെ പിന്തുണ റിതബ്രത ബാനർജിക്കുണ്ടെന്നാണ് റിപ്പോർട്ടുകൾ.

ഇതോടെ റിതബ്രത ബാനർജിയെ പ്രതിപക്ഷ നേതാവാക്കാൻ വിമത വിഭാഗം നീക്കം തുടങ്ങിയതായാണ് പുറത്തുവരുന്ന വിവരം. പാർട്ടി വിരുദ്ധ പ്രവർത്തനങ്ങൾ ആരോപിച്ച് റിതബ്രത ബാനർജിയെയും മറ്റൊരു എംഎൽഎയായ സന്ദീപൻ സാഹയെയും തിങ്കളാഴ്ച ടിഎംസി പുറത്താക്കിയിരുന്നു.വിമത വിഭാഗം തങ്ങളാണ് യഥാർഥ ടിഎംസി എന്ന് സ്പീക്കർക്ക് മുന്നിൽ അവകാശപ്പെടുമെന്നാണ് റിപ്പോർട്ടുകൾ. അതേസമയം നേതാക്കളുടെ എതിർപ്പ് പാർട്ടി ജനറൽ സെക്രട്ടറി അഭിഷേക് ബാനർജിയോടാണെന്നാണ് വിവരം.ഞായറാഴ്ച മമത ബാനർജിയുടെ വസതിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ ടിഎംസിയുടെ 80 എംഎൽഎമാരിൽ 60 പേരും പങ്കെടുത്തില്ല. അസംതൃപ്തരായ ടിഎംസി എംഎൽഎമാരെ ഒപ്പം നിർത്താനും പാർട്ടി പിളർപ്പിൽ എത്താതിരിക്കാനുമുള്ള തീവ്രശ്രമത്തിലാണ് മമത ബാനർജി.

# ഡിവൈഎസ്പി മധുബാബുവിന് സ്ഥാനക്കയറ്റം; നിയമനം കോട്ടയം അഡീഷണൽ എസ്പി ആയി

തിരുവനന്തപുരം: കസ്റ്റഡി മർദനങ്ങൾ ഉൾപ്പടെ നിരവധി പരാതികൾ നേരിട്ട വിവാദ ഡിവൈഎസ്പി മധുബാബുവിന് സ്ഥാനക്കയറ്റം. കോട്ടയം അഡീഷണൽ എസ്പി ആയാണ് നിയമനം. സീനിയർ പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ നേതാവ് ആണ് മധുബാബു.നേരത്തെ സ്ഥാനക്കയറ്റം നൽകുന്ന പട്ടികയിൽ മധുബാബുവിനെ ഉൾപ്പെടുത്തിയത് വലിയ വിവാദങ്ങൾക്ക് വഴിവെച്ചിരുന്നു. വിവാദങ്ങൾ നിലനിന്ന പശ്ചാത്തലത്തിൽ മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിൽ നിന്നുപോലും മധുബാബുവിനെ മാറ്റിനിർത്തിയിരുന്നു.

എന്നാൽ, പ്രൊമോഷൻ യോഗം ചേരുന്നതിന് മുൻപ് എല്ലാ ആരോപണങ്ങളിലും മധുബാബു കോടതിയിൽ നിന്ന് സ്റ്റേ വാങ്ങുകയും തീർപ്പാക്കുകയും ചെയ്തിരുന്നു. ഇതിന് പിന്നാലെയാണ് സ്ഥാനക്കയറ്റപട്ടികയിൽ മധുബാബു ഉൾപ്പെട്ടത്.

# ആദ്യഭാര്യയുടെ സഹോദരൻെറ മരണത്തിലും ദുരൂഹത: അഷ്കറിനെതിരേ ബന്ധുക്കൾ, മന്ത്രിയെ കണ്ടു

തിരുവനന്തപുരം: നെടുമങ്ങാട് ഒന്നര വയസുകാരനെ ക്രൂരമായി പീഡിപ്പിച്ചു കൊലപ്പെടുത്തിയ കേസിലെ പ്രതി അഷ്കറിനെതിരെ ആദ്യ ഭാര്യ ആമിനയുടെ പിതാവ് രംഗത്ത്. ആമിനയുടെ അനിയൻ മുങ്ങി മരിച്ചതാണെന്നും ആ മരണത്തിൽ ഇപ്പോൾ ദുരൂഹത സംശയിക്കുന്നതായും പിതാവ് പറഞ്ഞു. മകനെ സ്കൂളിൽ ചെന്ന് അഷ്കർ ഭീഷണിപ്പെടുത്തിയിരുന്നുവെന്ന് പിതാവ് പറഞ്ഞു.

സ്വത്ത് എഴുതി വാങ്ങാനാണ് അഷ്കർ ആമിനയെ മർദിച്ചതെന്ന് പിതാവ് പറഞ്ഞു. ഭർത്താവും ഉമ്മയും സഹോദരിയും ക്രൂരമായി മർദിച്ചെന്നും ആറ് മാസം മുമ്പ് നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നുവെന്നും പിതാവ് പറഞ്ഞു.എന്നാൽ സിഐ നടപടി ഒന്നും എടുത്തില്ലെന്നും അദ്ദേഹം വ്യക്തമാക്കി. സർക്കാരിൻറെ സഹായം വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സംഭവത്തിൽ കേസുമായി ബന്ധപ്പെട്ട് ഇടപെടൽ നടത്താമെന്ന് മന്ത്രി ബിന്ദു കൃഷ്ണ ഉറപ്പ് നൽകിയതായി അഷ്കറിൻറെ മുൻ ഭാര്യ ആമിനയുടെ പിതാവ് പറഞ്ഞു.

# സംസ്ഥാനത്ത് ഇന്നും മഴ തുടരും

കേരളത്തിൽ ഇന്നും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്. ഇന്ന് ഒരു ജില്ലയിലും പ്രത്യേക മഴ മുന്നറിയിപ്പ് പ്രഖ്യാപിച്ചിട്ടില്ലെങ്കിലും വിവിധ ഭാഗങ്ങളിൽ ശക്തമായ മഴ തുടരുമെന്നാണ് പ്രവചനം.

അതേസമയം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം ജില്ലകളിൽ നാളെ യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റന്നാൾ കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിലും യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

ബംഗാൾ ഉൾക്കടലിനും അറബിക്കടലിനും മുകളിലായി രൂപപ്പെട്ട ചക്രവാതചുഴികളുടെ സ്വാധീനഫലമായാണ് സംസ്ഥാനത്ത് മഴ ശക്തമാകുന്നത്. ഇതിനൊപ്പം പടിഞ്ഞാറൻ കാറ്റിന്റെ ശക്തിപ്പെടലും ഇടവിട്ടുള്ള മഴയ്ക്ക് കാരണമാകുന്നുണ്ടെന്നാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ വിശദീകരണം.മഴയ്ക്കൊപ്പം മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് മുന്നറിയിപ്പുണ്ട്. ഇടിമിന്നൽ സമയങ്ങളിൽ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കാനും മരങ്ങൾക്കും വൈദ്യുതി പോസ്റ്റുകൾക്കും സമീപം നിന്ന് മാറിനിൽക്കാനും അധികൃതർ നിർദേശിച്ചു.

മലയോര മേഖലകളിലും വെള്ളക്കെട്ട് രൂപപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിലുമുള്ളവർ പ്രത്യേക ജാഗ്രത പാലിക്കണമെന്നും ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു.

# പമ്പയാറ്റിൽ ചൂണ്ടയിട്ടവർക്ക് ലഭിച്ചത് ചാക്കുകെട്ട്; ഉള്ളിൽ തലയോട്ടിയും തുണിക്കഷണങ്ങളും

ചെങ്ങന്നൂർ: പമ്പയാറ്റിൽ നിന്ന് തലയോട്ടി കണ്ടെത്തി. കല്ലിശേരിയിലുള്ള റെയിൽവേ പാലത്തിന് താഴെ നിന്നാണ് തലയോട്ടിയും തുണിക്കഷണങ്ങളും ചാക്കിൽ കെട്ടിയ നിലയിൽ കണ്ടെത്തിയത്. ചൊവ്വാഴ്ച ഉച്ചകഴിഞ്ഞാണ് സംഭവം.നദിയിൽ ചൂണ്ടയിടാനെത്തിയവർക്കാണ് ചാക്കുകെട്ട് ലഭിച്ചത്. പിന്നാലെ ഇവർ കരയ്ക്കെത്തിച്ച് തുറന്ന് നോക്കിയപ്പോഴാണ് ചാക്കിനുള്ളിൽ തലയോട്ടിയും തുണിക്കഷണങ്ങളും കണ്ടത്. ഇതേ തുടർന്ന് വിവരം പോലീസിൽ അറിയിക്കുകയായിരുന്നു.വിവരം അറിഞ്ഞ് ചെങ്ങന്നൂർ പോലീസ് സ്ഥലത്തെത്തി പരിശോധന നടത്തി. ഫോറൻസിക് വിദഗ്ധരും പരിശോധനയ്ക്കെത്തിയിട്ടുണ്ട്. സംഭവത്തിൽ വിശദമായ അന്വേഷണം ആരംഭിച്ചതായി പോലീസ് അറിയിച്ചു.

# റഗുലർ ഡിപ്ലോമ പ്രവേശനം: അപേക്ഷ സമർപ്പിക്കാം

കേരളത്തിലെ മുഴുവൻ ഗവണ്മെന്റ്, എയ്ഡഡ്, ഐഎച്ച്ആർഡി, കേപ്, സ്വാശ്രയ പോളിടെക്നിക് കോളേജുകളിലേക്ക് റഗുലർ ഡിപ്ലോമ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസി/ടിഎച്ച്എസ്എൽസി/സിബിഎസ്ഇ-എക്സ് മറ്റ് തുല്യ പരീക്ഷകളിൽ ഉപരി പഠനത്തിന് അർഹത നേടിയ കണക്ക്, സയൻസ്, ഇംഗ്ലീഷ് മുതലായ വിഷയങ്ങൾ ഓരോ വിഷയങ്ങളായി പഠിച്ചവർക്ക് എൻജിനീയറിങ് സ്ട്രീമിലേയ്ക്കും (സ്ട്രീം.1) കണക്ക്, ഇംഗ്ലീഷ് എന്നിവ പഠിച്ചവർക്ക് മാനേജ്മെന്റ് സ്ട്രീമിലേയ്ക്കും (സ്ട്രീം.2) അപേക്ഷിക്കാം. സി.ബി.എസ്.ഇ പാസ്സായവരിൽ ങമവേലാമശേരെ ആമശെര തെരഞ്ഞെടുത്തവർ അപേക്ഷിക്കേണ്ടതില്ല. കേരളത്തിലെ ഗവണ്മെന്റ് / ഐഎച്ച്ആർഡി / കേപ് പോളിടെക്നിക്കുകളിലെ മുഴുവൻ സീറ്റിലേയ്ക്കും എയ്ഡഡ് പോളിടെക്നിക്കുകളിലെ 85 ശതമാനം സീറ്റുകളിലേയ്ക്കും, സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ 50 ശതമാനം ഗവ. സീറ്റിലേയ്ക്കുമാണ് ഓൺലൈൻ വഴി പ്രവേശനം നടക്കുന്നത്. ടിഎച്ച്എസ്എൽസി, വിഎച്ച്എസ്ഇ എന്നിവ പാസ്സായവർക്ക് യഥാക്രമം 10 ശതമാനം, 2 ശതമാനം വീതം റിസർവേഷൻ ഉണ്ട്. വിഎച്ച്എസ്ഇ പാസ്സായവർക്ക് അവരുടെ ട്രേഡുകൾ അനുസരിച്ചാണ് ബ്രാഞ്ചുകൾ തെരഞ്ഞെടുക്കാൻ സാധിക്കുക. ഭിന്നശേഷിയുള്ളവർക്ക് 5 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. എസ്.സി/എസ്.ടി, ഒഇസി, എസ്ഇബിസി വിഭാഗങ്ങളിലെ അപേക്ഷകർക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള സംവരണം ലഭിക്കും. കൂടാതെ മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സിയ്ക്ക് ലഭിച്ച മാർക്കിൽ കണക്ക്, സയൻസ് എന്നിവയ്ക്ക് മുൻതൂക്കം നൽകിയാണ് സ്ട്രീം.1 ലേയ്ക്കുള്ള സെലക്ഷന്റെ ഇൻഡക്സ് സ്കോർ നിശ്ചയിക്കുന്നത്.

കണക്ക്, ഇംഗ്ലീഷ് എന്നിവയ്ക്ക് മുൻതൂക്കം നൽകിയാണ് സ്ട്രീം.2 ലേയ്ക്കുള്ള സെലക്ഷന്റെ ഇൻഡക്സ് സ്കോർ നിശ്ചയിക്കുന്നത്.

പൊതുവിഭാഗങ്ങൾക്ക് 200 രൂപയും, പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് 100 രൂപയുമാണ് അപേക്ഷ ഫീസ്. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി www.polyadmission.org മുഖേന One-Time Registration പ്രക്രിയ ഫീസടച്ച് പൂർത്തിയാക്കേണ്ടതും അതിനു ശേഷം വിവിധ സർക്കാർ / സർക്കാർ എയിഡഡ് / ഐഎച്ച്ആർഡി / കേപ് / സ്വാശ്രയപോളിടെക്നിക് കോളേജുകളിലേക്കും എൻസിസി / സ്പോർട്സ് ക്വാട്ടകളിലേക്കും അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതുമാണ്. എൻസിസി / സ്പോർട്സ് ക്വാട്ടായിൽ അപേക്ഷിക്കുന്നവർ ഓൺലൈൻ ആയി അപേക്ഷിച്ചതിനു ശേഷം അപേക്ഷയുടെ പകർപ്പ് യഥാക്രമം എൻ.സി.സി ഡയറക്ടറേറ്റിലേയ്ക്കും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിങ് ഓഫീസിലേക്കും അയച്ചു നൽകണം.

സ്വകാര്യ സ്വാശ്രയ പോളിടെക്നിക് കോളേജ്, സർക്കാർ എയിഡഡ് കോളേജ് എന്നിവിടങ്ങളിലെ മാനേജ്മെന്റ് സീറ്റുകളിലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഓരോ കോളേജിലേക്കും ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. ഒറ്റ തവണ രജിസ്ട്രേഷൻ അപേക്ഷകർ ഒരു പ്രാവശ്യം മാത്രം ചെയ്താൽ മതിയാകും. ഒരു വിദ്യാർത്ഥിയ്ക്ക് 30 ഓപ്ഷനുകൾ വരെ നൽകാനാവും. കൂടുതൽ വിവരങ്ങൾക്ക : www.polyadmission.org.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



ആറളം ഫാമിലെ വന്യജീവി ആക്രമണങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി വനം-വന്യജീവി വകുപ്പ് മന്ത്രി ഷിബു ബേബി ജോണിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ നിന്ന്

# വന്യജീവി ആക്രമണം നേരിടാൻ നടപടികൾ അതിവേഗം; എംഎൽഎമാരുടെ പ്രത്യേക യോഗം ചേർന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് ജനജീവിതത്തിന് വലിയ ഭീഷണിയുയർത്തുന്ന വന്യജീവി ആക്രമണങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ അടിയന്തര നടപടികളുമായി വനം വകുപ്പ് മന്ത്രി ഷിബു ബേബി ജോണിന്റെ അധ്യക്ഷതയിൽ വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലെ എംഎൽഎമാരുടെ യോഗം കൂടി. മന്ത്രിമാരായ അഡ്വ. സണ്ണി ജോസഫ്, ടി. സിദ്ദിഖ്, മുൻമന്ത്രി കെ. രാജൻ എന്നിവരുൾപ്പെടെയുള്ള ജനപ്രതിനിധികളും വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. വന്യജീവികളെ ജനവാസ മേഖലകളിൽ നിന്ന് അകറ്റി നിർത്താൻ അതിർത്തികളിൽ ടോട്ടൽ ഡിഫെൻസ്' സംവിധാനം നടപ്പാക്കുമെന്ന് മന്ത്രി യോഗത്തിൽ പറഞ്ഞു.

വന്യജീവി ശല്യം രൂക്ഷമായ വയനാട്, ആറളം, കോതമംഗലം മേഖലകൾക്ക് അടിയന്തര മുൻഗണന (കാലറശമലേ ജൃശീൃശ്യേ) നൽകും. ഇന്നലെ പകൽ മാത്രം ജനവാസ മേഖലകളിൽ ഇറങ്ങിയ 6 ആനകളെ വിജയകരമായി കാട്ടിലേക്ക് തിരിച്ചയക്കാൻ വനംവകുപ്പിന് സാധിച്ചതായും മന്ത്രി യോഗത്തെ അറിയിച്ചു. കാട്ടുപന്നി വിഷയം ഗൗരവമായി കൈകാര്യം ചെയ്യും. ഇരുളത്ത് വിജയകരമായി നടപ്പാക്കിയ ത്രീ ടയർ ഡിഫെൻസ് സിസ്റ്റം വന്യജീവി ശല്യമുള്ള മറ്റ് വനമേഖലകളിലേക്കും വ്യാപിപ്പിക്കും.

കാട്ടുപന്നികളെ ഉപദ്രവകാരികളായ 'ശുദ്രജീവി' (ഢലൃാശി) ആയി പ്രഖ്യാപിക്കണമെന്ന് കേരളം നിരന്തരം ആവശ്യപ്പെട്ടിട്ടും കേന്ദ്ര സർക്കാർ അതിന് അനുമതി നൽകിയിട്ടില്ലെന്ന് മന്ത്രി അഡ്വ. സണ്ണി ജോസഫ് ചൂണ്ടിക്കാട്ടി. വന്യജീവി പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കേണ്ടതുണ്ടെന്നും മന്ത്രി ആവശ്യപ്പെട്ടു.പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വിനിയോഗം കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ വനംവകുപ്പിന് കീഴിൽ തന്നെ സ്വന്തം നിർവഹണ സംവിധാനം (ഛഀ കാുഹലാലിമേശേീ ട്യലോ) രൂപീകരിക്കണമെന്ന് മന്ത്രി ടി. സിദ്ദിഖ് ആവശ്യപ്പെട്ടു. വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെടുന്നവർക്ക്, അപകടം നടന്നത് വനത്തിന് അകത്താണോ പുറത്താണോ എന്ന് നോക്കാതെ കൃത്യമായ നഷ്ടപരിഹാരം നൽകണമെന്ന് മുൻമന്ത്രി കെ. രാജൻ യോഗത്തിൽ ആവശ്യപ്പെട്ടു.

# 'ഇവിടെ ജീവിക്കണമെങ്കിൽ വന്ദേമാതരം പാടണം'; മുസ്‌ലിം ബോർഡിനെതിരെ സുവേന്ദു അധികാരി,

ന്യൂഡൽഹി: പശ്ചിമ ബംഗാളിൽ സ്കൂളുകളിലും മദ്രസകളിലും 'വന്ദേമാതരം' ആലപിക്കുന്നത് നിർബന്ധമാക്കിയ മുഖ്യമന്ത്രി സുവേന്ദു അധികാരിയുടെ ഉത്തരവിനെച്ചൊല്ലി വൻ രാഷ്ട്രീയ വിവാദം. ഉത്തരവ് ഉടനടി പിൻവലിക്കണമെന്നും മുസ്‌ലിം വിദ്യാർത്ഥികൾക്ക് ഇതിൽ നിന്ന് ഇളവ് നൽകണമെന്നും ഓൾ ഇന്ത്യ മുസ്‌ലിം പേഴ്സണൽ ലോ ബോർഡ് ആവശ്യപ്പെട്ടു. മതവിശ്വാസങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ നിർബന്ധിക്കുന്നത് ഭരണഘടനാപരമായ മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് ബോർഡ് വക്താവ് ഡോ. എസ്ക്യുആർ. ഇല്യാസ് വ്യക്തമാക്കി.

എന്നാൽ, തീരുമാനത്തിൽ നിന്ന് പിന്നോട്ടില്ലെന്ന് സുവേന്ദു അധികാരി കടുത്ത ഭാഷയിൽ പ്രതികരിച്ചു. 'ഈ രാജ്യത്ത് ജീവിക്കണമെങ്കിൽ വന്ദേമാതരവും ജനഗണമനയും പാടണം. എല്ലാ സ്കൂളുകളിലും ഇത് നിർബന്ധമാണ്.

ഇത് ഭാരതീയ സംസ്കാരമാണ്, സനാതന സംസ്കാരമാണ്. ഈ രാജ്യം മറ്റാരുടെയും കൈകളിലേക്ക് പോകാൻ അനുവദിക്കില്ല, ' എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. വന്ദേമാതരം ഒരു പ്രത്യേക മതത്തിൻറേതല്ലെന്നും രാജ്യത്തിൻറേതാണെന്നും കേന്ദ്രമന്ത്രി കിരൺ റിജിജുവും വ്യക്തമാക്കി.

ദേശീയഗാനത്തിന് മുൻപായി വന്ദേമാതരത്തിൻറെ എല്ലാ വരികളും ആലപിക്കണമെന്ന കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ പുതിയ നിർദേശത്തെ ശശി തരൂർ എംപി ചോദ്യം ചെയ്തതും ഇതിനിടെ വലിയ ചർച്ചയായിട്ടുണ്ട്.

ഔദ്യോഗിക ചടങ്ങുകളിൽ വന്ദേമാതരത്തിൻറെ മുഴുവൻ വരികളും നിർബന്ധമാക്കുന്നത് അനാവശ്യ ഭാരമാണെന്ന് തരൂർ പറഞ്ഞു.

ഇതിനെതിരെ കോൺഗ്രസ് മുസ്‌ലിം ലീഗിൻറെയും ജമാഅത്തെ ഇസ്ലാമിയുടെയും നിലപാടാണ് സ്വീകരിക്കുന്നതെന്ന് ബിജെപി നേതാവ് രാജീവ് ചന്ദ്രശേഖർ കുറ്റപ്പെടുത്തി. 1950-ൽ ഭരണഘടനാ നിർമാണ സഭ വന്ദേമാതരത്തെ ദേശീയ ഗീതമായി അംഗീകരിച്ചതാണെങ്കിലും, പുതിയ ഉത്തരവുകളോടെ വിഷയം വീണ്ടും ദേശീയ തലത്തിൽ വൻ വിവാദമായി മാറിയിരിക്കുകയാണ്.

# 'ബ്ലൂ ഇന്ത്യ 2026' കുഫോസിൽ അന്താരാഷ്ട്ര സമ്മേളനവും എക്സ്പോയും ജൂൺ 4 മുതൽ 6 വരെ

കൊച്ചി: കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല (കുഫോസ്) സംഘടിപ്പിക്കുന്ന "ബ്ലൂ ഇന്ത്യ 2026" അന്താരാഷ്ട്ര സമ്മേളനവും എക്സ്പോയും 2026 ജൂൺ 4 മുതൽ 6 വരെ പനങ്ങാട് കുഫോസ് ക്യാമ്പസിൽ നടക്കും. 'Blue Research - Blue Innovation - Blue Future" എന്ന ആശയത്തെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന സമ്മേളനം ഇന്ത്യയുടെ നീല സമ്പദ് വ്യവസ്ഥാ വികസനത്തിനും സമുദ്ര-മത്സ്യമേഖലാ നവീകരണത്തിനും പ്രാധാന്യം നൽകുന്നതാണ്.

അസോസിയേഷൻ ഓഫ് ഇന്റർനാഷണൽ സീഫുഡ് പ്രൊഫഷണൽസ് (ഓസ്ട്രേലിയ) അധ്യക്ഷൻ പ്രൊഫ. റോയ് ഡി. പാമർ കോൺഫറൻസ് ചെയറും ചെയർമാൻ വൈസ് ചാൻസലർ ഡോ. എ. ബിജുകുമാറും കൺവീനർ രജിസ്ട്രാർ ഡോ. കെ ദിനേശും ആണ്.

ജൂൺ 4 രാവിലെ 10 മണിക്ക് കുഫോസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ തമിഴ്നാട് ഡോ. ജെ. ജയലളിത ഫിഷറീസ് സർവകലാശാല വൈസ് ചാൻസലർ ഡോ. എൻ. ഫെലിക്സ് ഉദ്ഘാടന പ്രഭാഷണം നടത്തും. ജൂൺ 6 ന് 12 മണിക്ക് നടക്കുന്ന സമാപന സമ്മേളനം ഫിഷറീസ് മന്ത്രി വി ഇ അബ്ദുൽ ഗഫൂർ ഉദ്ഘാടനം ചെയ്യും.

ജൂൺ 4-ന് ഉച്ചയ്ക്ക് ഇന്ത്യൻ മറൈൻ ഇൻഗ്രീഡിയന്റ്സ് അസോസിയേഷനുമായി ചേർന്ന് 'Global Roundtable on Marine Ingredients" സംഘടിപ്പിക്കും. ഇന്ത്യയുടെ നീല സമ്പദ് വ്യവസ്ഥ വികസനത്തിൽ കടൽ വിഭവ മേഖലയുടെ പങ്ക്, നിക്ഷേപ സാധ്യതകൾ, സാങ്കേതിക നവീകരണങ്ങൾ, നയപരമായ പിന്തുണ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യും. അന്തർദേശീയ പ്രമുഖ ശാസ്ത്രജ്ഞർ, വ്യവസായ പ്രതിനിധികൾ, നയരൂപകർ എന്നിവർ പങ്കെടുക്കും.

ജൂൺ 5-ന് 'Kerala Aquafarmers Meet 2026" സംഘടിപ്പിക്കും. കേരളത്തിലെ ചെമ്മീൻ കർഷകരെ ലക്ഷ്യമാക്കി നടത്തുന്ന സാങ്കേതിക വിജ്ഞാന ശില്പശാല അക്വാകൾച്ചറിലെ പുതിയ സാങ്കേതിക വിദ്യകൾ, നിയന്ത്രണ സംവിധാനങ്ങൾ, വിപണി സാധ്യതകൾ, മഡ് ക്രാബ് ഫാറ്റനിംഗ് സാങ്കേതിക വിദ്യകൾ എന്നിവ അവതരിപ്പിക്കും. കോസ്റ്റൽ അക്വാകൾച്ചർ അതോറിറ്റി (CAA), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ് വാട്ടർ അക്വാകൾച്ചർ (CIBA), പ്രോൺ ഫാർമേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ (ജഎഎക) തുടങ്ങിയ സ്ഥാപനങ്ങൾ പരിപാടിയിൽ പങ്കാളികളാകും.

സമ്മേളനത്തിന്റെ ഭാഗമായി ബുക്ക് ഓഫ് അബ്സ്ട്രാക്റ്റ്സും സുവനീറും പ്രകാശനം ചെയ്യും. വിയറ്റ്നാം നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഗ്രികൾച്ചറിലെ ഡോ. ഡങ് ലെ വിയറ്റ്, ബേ ഓഫ് ബെംഗാൾ പ്രോഗ്രാം ഡയറക്ടർ ഡോ. പി. കൃഷ്ണൻ, ഐ. സി. എ. ആർ-സി. എം. എഫ്. ആർ. ഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, സി. എം. എൽ. ആർ. ഇ ഡയറക്ടർ ഡോ. ആർ. എസ്. മഹേഷ് കുമാർ, ഐ. സി. എ. ആർ-സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ, നിഫാറ്റ് ഡയറക്ടർ ഡോ. ഷൈൻ കുമാർ സി. എസ്, ഇന്ത്യൻ മറൈൻ ഇൻഗ്രിഡിയന്റ്സ് അസോസിയേഷൻ പ്രസിഡന്റ് ഡോ. മുഹമ്മദ് ദാവൂദ് സെയ്ത്, എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുക്കും.

നീല സമ്പദ് വ്യവസ്ഥ, സമുദ്ര ജൈവവൈവിധ്യ സംരക്ഷണം, കാലാവസ്ഥാ വ്യതിയാനവും തീരദേശ പ്രതിരോധശേഷിയും, അക്വാകൾച്ചറും മത്സ്യബന്ധനവും, സമുദ്ര ബയോടെക്നോളജി, സമുദ്ര സാങ്കേതികവിദ്യ, തുറമുഖ-ഷിപ്പിംഗ് വികസനം, സമുദ്ര മലിനീകരണം, സമുദ്ര നയങ്ങളും ഭരണസംവിധാനങ്ങളും ഉൾപ്പെടെ ഒൻപത് പ്രധാന വിഷയങ്ങളിലായി സാങ്കേതിക സെഷനുകളും ചർച്ചകളും സംഘടിപ്പിക്കും.

സമ്മേളനത്തിൽ ഇറ്റലിയിലെ യൂണിവേഴ്സിറ്റി ഓഫ് സലന്റോയിലെ ഡോ. വിൻസെൻസോ സോണോ, കുഫോസിലെ ഡോ. വി. എൻ. സഞ്ജീവൻ, പ്രൊഫസർ ചെയർ CARMAC, വിയറ്റ്നാമിലെ ഡോ. ഡങ് ലെ വിയറ്റ്, പ്രോൺ ഫാർമേഴ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ ജനറൽ സെക്രട്ടറി ഡോ. ബാലസുബ്രഹ്മണ്യം വി, മയാങ്ക് അക്വാകൾച്ചർ ഡയറക്ടർ ഡോ. മനോജ് എം. ശർമ്മ തുടങ്ങിയവർ പങ്കെടുക്കും.

50-ലധികം ദേശീയ-അന്തർദേശീയ പ്രഭാഷകരും 200-ലധികം ഗവേഷണ പ്രബന്ധങ്ങളും പോസ്റ്റർ അവതരണങ്ങളും സമ്മേളനത്തിന്റെ ഭാഗമായി അവതരിപ്പിക്കും. മത്സ്യത്തൊഴിലാളികൾ, കർഷകർ, വിദ്യാർഥികൾ, ഗവേഷകർ, വ്യവസായ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സംവാദങ്ങൾ, മത്സരങ്ങൾ, സാംസ്കാരിക പരിപാടികൾ, ഫുഡ് ഫെസ്റ്റിവൽ എന്നിവയും നടക്കും.

കുഫോസ് അക്വാകൾച്ചർ വിഭാഗം മേധാവി ഡോ. ചിരഞ്ജീവ് പ്രധാനാണ് സംഘാടക സെക്രട്ടറി. ഡോ വി പി ലിംന മോൾ, ഡോ നവീൻ നിവാസ് എന്നിവരാണ് ജോയിന്റ് സെക്രട്ടറിമാർ.

# പ്രതിപക്ഷത്തിനുമേൽ ആക്രമണത്തിന്റെ ശരമാരി..




നിയമസഭ: കുറ്റവിചാരണയാണോ..അമർഷമാണോ..ശത്രുതായോടെയുള്ള പരിഹാസമാണോ..എന്തായാലും കൊള്ളാം പതിനാറാം നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ പ്രതിപക്ഷംനേരിടുന്ന വാക്ശരങ്ങൾക്ക് സമാനതകളില്ല.കഴിഞ്ഞ പത്തുകൊല്ലം പ്രതിപക്ഷത്തിരുന്നു അനുഭവിച്ച ദുരിതങ്ങൾക്കും കെടുതികൾക്കും കണക്കുപറയുകയാണ് കോൺഗ്രസ്സ്.ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൻ മേലുള്ള ചർച്ചയിലാണ് ഭരണപക്ഷത്തിന്റെ ആക്രമണം സുനാമിയായിട്ടാണ് പ്രതിപക്ഷ നിരയിലേക്ക് അടിച്ചുകയറിയത്.നിയമസഭയിലെ കന്നിക്കാരും പരിണിതപ്രജ്ഞരും ഒന്നിച്ചു ആക്രമിച്ചത് പ്രതിപക്ഷ നേതാവിനെ മാത്രം.എല്ലാം കേട്ടു നിശബ്ദനായി പിണറായി വിജയൻ ഇരുന്നു.ഒരിക്കലും പൊട്ടിത്തെറിച്ചില്ല,ക്ഷോഭിച്ചു കൊണ്ട് എഴുന്നേറ്റില്ല.എല്ലാം സശ്രദ്ധം കേട്ടിരുന്നു.കെ.എൻ.ബാലഗോപാലും,മുഹമ്മദ് റിയാസ്സും,കെ വി.സുമേഷും തിരിച്ചാക്രമിക്കുകയും പ്രതിരോധം തീർക്കുകയും ചെയ്തെങ്കിലും ഒന്നും ഏശിയില്ല. യുദ്ധമുഖത്ത് നിലയുറപ്പിക്കുന്ന സൈന്യാധിപൻമാരെയൊന്നും പ്രതിപക്ഷ നിരയിൽ കണ്ടില്ല.കഴിഞ്ഞ രണ്ടു ദിവസമായി നാല്പതു അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.അതിന്റെ പരിക്കുകളും,പ്രയശ്ചിത്തവുമായി പ്രതിപക്ഷം ഇറങ്ങി.പുതിയ തന്ത്രങ്ങളാവിഷ്ക്കരിച്ചു നാളെ വരാനായി.അസംബ്ലി ഹാളിന്റെ വാതായനങ്ങളിൽ തിങ്ങി നിറഞ്ഞു നിന്ന കോൺഗ്രസ്സുകാർക്കിടയിലൂടെ അവർ ടി.എൻ ബാലഗോപാൽ ,കെവി സുമേഷ്, കെ.യു.ജനീഷ്കുമാർ, അങ്ങിനെ നാലഞ്ചു പേർ പടിക്കെട്ടുകളിറങ്ങി പോകുന്നതു കണ്ടു.രണ്ടു മാസം മുൻപ് ഇവിടെ ഇങ്ങെനെ ആയിരുന്നോ ഇവർ...

ജനാധിപത്യത്തിന്റെ വല്ലാത്ത കരുത്തും, സൗന്ദര്യവും, സംഹാരത്തിന്റെ പരദാഹവും ഇവിടെ കാണാനായി .യഥാർത്ഥത്തിൽ സിപിഎംന് വിനയായത് അവരുടെ ആൾക്കാരായിരുന്നവർ തന്നെയായിരുന്നു. സി.പി ജോൺ ,കെ.കെ രമ,കുഞ്ഞുകൃഷ്ണൻ ടി.കെ.ഗോവിന്ദൻ,ജി.സുധാകരൻ തുടങ്ങിയവരുടെ വാക്കുകളും ചലനങ്ങളും നോട്ടവുമൊക്കെ പ്രതിപക്ഷനിരയിലേക്കു പറന്നു ചെല്ലുന്ന അമ്പുകളായി. നന്ദിപ്രമേയ ചർച്ചയുടെ ആദ്യദിനം ജീ.സുധാകരൻ അവരെ സുന്ദരമായി ആക്രമിച്ചു.സൈദ്ധാന്തികമായും,ചരിത്രം പറഞ്ഞും കമ്യൂണിസത്തെക്കുറിച്ചു പറഞ്ഞും ആക്ഷേപിച്ചു.പ്രതിപക്ഷനിര വാ പിളർന്നിരുന്നപ്പോൾ ഭരണപക്ഷം അതു കൈയ്യടിച്ച് ആഘോഷിച്ചു.സാംബശിവന്റെ കഥ പറച്ചിലിന്റെ പോലെയുള്ള രസം കയറിയ ജി.സുധാകരന്റെ ഒമ്പതുമിനിട്ടു നേരത്തെ പ്രസംഗത്തിൽ ലെനിനിന്റെയും,കുമാരനാശാന്റെയും വയലാറിന്റെയുമൊക്ക ഉദ്ധരണികൾ അനർഗളമായി ഒഴുകിക്കൊണ്ടിരുന്നു.സമയമോർപ്പിച്ച് സ്പീക്കർ തിരുവഞ്ചിയൂർ ബെല്ലമർത്തിയപ്പോൾ തീരല്ലേയെന്നു സന്ദർശകഗാലറിയിലിരുന്നവർ ആശിച്ചിട്ടുണ്ടാവും.എന്തായാലും പ്രതിപക്ഷനേതാവ് പിണറായി വിജയൻ അപ്പോൾ സീറ്റിലില്ലായിരുന്നു.ജീ.സുധാകരനെ സിപിഎം എതിർ പ്രാണിയാക്കിയതല്ലേ.അദ്ദേഹത്തിനു അർഹമായതെന്തെങ്കിലും നൽകിയാൽ പോരായിരുന്നോയെന്നു തൊട്ടടുത്തിരുന്നവർ അടക്കം പറഞ്ഞു.

രണ്ടാം ദിവസം ടി.കെ ഗോവിന്ദൻ മാസ്റ്റർ പ്രസംഗിച്ചു.പാർട്ടി മീറ്റിംഗുകളിലും മറ്റും മാത്രം പറയുന്ന രഹസ്യസ്വഭാവമുള്ള കാര്യങ്ങൾ വെട്ടിത്തുറന്നു സഭാസമക്ഷം വിളിച്ചു പറഞ്ഞപ്പോൾ ആർക്കു ചേതം.വിജയശ്രീലാളിതനായി സത്യപ്രതിജ്ഞക്കു തിരുവനന്തപുരത്തേക്കു വന്നപ്പോൾ തന്റെ ചിത്രം പതിച്ച വണ്ടി ആക്രമിക്കുകയും ഫ്ളക്സ് വലിച്ചു കീറുകയും ചെയ്തന്നു ഗോവിന്ദൻ മാസ്റർ പറഞ്ഞു.തന്നെ കൂവിയോടിച്ച മലപ്പട്ടത്തും ആന്തൂരും,മൊറാഴയും കിട്ടിയ ഭൂരിപക്ഷം വോട്ടുകളും സാഖാക്കളുടേതായിരുന്നുവെന്നും മാസ്റ്റർ പറഞ്ഞപ്പോൾ കൈയ്യടിയുയർന്നു.നൂറു പുഷ്പങ്ങൾ വിരിയട്ടെയെന്ന മാവോ സൂക്തവും മാഷ് പറഞ്ഞു.കോൺഗ്രസ്സുകാർ കഴിഞ്ഞ പത്തുവർഷത്തെ ചെയ്തികൾ എണ്ണിയെണ്ണി പറഞ്ഞു.വിഴിഞ്ഞം ഉൽഘാടനത്തിനു ബിജെപി നേതൃത്വത്തെ ക്ഷണിച്ചതും,ഉമ്മൻചാണ്ടിയുടെ പേരു തമസ്ക്കരിച്ചതും അബിൻവർക്കി ആക്രമണോൽസുകതയോടു പറഞ്ഞു. റഹ്മത്തുള്ള കന്നി പ്രസംഗത്തിൽ പാർലമെൻറിലും പഞ്ചായത്തിലും തോറ്റപ്പോഴും പാഠം പഠിച്ചില്ലന്നു പറഞ്ഞു.ഇപ്പോൾ ചരിത്രത്തിലെ ഏറ്റവും വലിയ തോൽവിയും നേടി.കോഴിക്കോടു നോർത്തിൽ ജയിച്ച കെ.ജയന്ത് ചോദിച്ചു.ബംഗാളിൽ ഞങ്ങൾ തോറ്റു എന്നാൽ ഞങ്ങൾ തൃണമൂൽ കോൺഗ്രസ്സിലുണ്ട്.എന്നാൽ സിപിഎം ബംഗാളിൽ തോറ്റു അവരെല്ലാം എങ്ങോട്ടു പോയി.ബിജെപിയിലേക്കു പോയി. പണച്ചാക്കുകാരെയാണ് സ്ഥാനാർത്ഥിയായി മുഖ്യമന്ത്രി തെരഞ്ഞെടുക്കുന്നത്.അതുകൊണ്ട് ഇക്കുറി ഭൂരിപക്ഷം മുന്നിരട്ടിയായയെന്നു രണ്ടാം തവണയും സഭയിലെത്തിയ കുറുക്കോളി മൊയ്തീൻ പറഞ്ഞു.കോതമംഗലത്തു നിന്നും ജയിച്ചുവന്ന ഷിബു തെക്കുംപുറവും കന്നി പ്രസംഗം മനോഹരമാക്കി.എം.നൗഷാദിനെ ഇരവിപുരത്തു തോൽപിച്ചു സഭയിലെത്തിയ ആർഎസ്പിയുടെ വിഷ്ണു മോഹൻ കന്നി പ്രസംഗത്തിൽ സിപിഎം തെറ്റു തിരുത്തണമെന്നും.യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ ആർ എസ്സ്.പി ആണെന്നും പറഞ്ഞു.

ബിജെപി അംഗങ്ങളുടെ നിലപാടുകൾ ഇരുതല മൂർച്ചയുള്ള ആയുധം പോലെയായി.ഡീൽ ആരുമായിട്ടെന്ന ചർച്ച ഇടതുപക്ഷവും വലതുപക്ഷവും തമ്മിൽ കൊരുക്കുമ്പോൾ ബിജെപി തരാതരം പോലെ രണ്ടു മുന്നണിയെയും ആക്രമിക്കുന്നു.അടിയന്തിരപ്രമേയചർച്ചയിൽ വോക്കൗട്ട് പ്രസംഗത്തിനായി ബിജെപി അംഗം ഗോപകുമാർ എഴുന്നേറ്റപ്പോൾ സ്പീക്കർ സംസാരിക്കുവാൻ അവസരം കൊടുത്തു അതിനെ പ്രതിപക്ഷം എതിർത്തുകൊണ്ടു തിരിച്ചെത്തി.അടിയന്തിരപ്രമേയ നോട്ടിസിൽ ഒപ്പിടാത്ത കക്ഷികൾക്കു പ്രസംഗിക്കുവാൻ അവസരമില്ലന്ന ചട്ടം പ്രതിപക്ഷനേതാവ് ചൂണ്ടുക്കാണിച്ചു.സഭയിലെ പരിചയക്കുറവാണന്നും ഇതു കീഴ്വഴക്കമാകില്ലെന്നും സ്പീക്കർ ചൂണ്ടിക്കാട്ടി.അതാണ് ബിജെപി സഭയിൽ ഉയർത്തുന്ന വെല്ലുവിളികൾ പുതിയ കീഴ് വഴക്കങ്ങൾ സൃഷ്ടിക്കുമെന്നു ഇരുമുന്നണികൾക്കും പരിഭ്രാന്തിയുണ്ട്. കെ.യു ജനീഷ്കുമാർ തോൽവി സമ്മതിക്കുമ്പോൾ തന്നെ ഞങ്ങൾ ശക്തമായി തിരിച്ചുവരുമെന്നു നാട്ടുമ്പുറത്തെ കമ്മ്യൂണിസ്റ്റു പച്ചപോലെ പടർന്ന് ഒരു കോട്ടയാവുമെന്നും കേരളത്തെ പൊന്നുപോലെ ആ കോട്ടക്കുള്ളിൽ സംരക്ഷിക്കുമെന്നും ഗദ്ഗദകണ്ഠനായി പറഞ്ഞത് പ്രതിപക്ഷത്തിനു ചെറുതല്ലാത്ത ഉർജ്ജം പകർന്നു നൽകി.

**വേലിയേറ്റം:**

കൊണ്ടോട്ടിയിൽ നിന്നും വിജയിച്ചു വന്ന ടി.പി അഷറഫലിയുടെ ആവിശ്യം ഈ സർക്കാർ സഹിഷ്ണത എന്നൊരു മന്ത്രാലയം കൂടി തുടങ്ങണം.

# ഡൽഹിയിലെ ഹോട്ടലിൽ തീപിടിത്തം; 10 പേർ മരിച്ചു

ന്യൂഡൽഹി: ഡൽഹിയിലെ ഹോട്ടലിൽ ഉണ്ടായ തീപിടിത്തത്തിൽ 10 പേർ മരിച്ചു. മാളവ്യ നഗറിലെ ബഹുനില ഹോട്ടലിലാണ് തീപിടിത്തമുണ്ടായത്.

രാവിലെ 9: 45 നാണ് സംഭവം. തീപിടിത്തമുണ്ടായപ്പോൾ 40 പേർ ഹോട്ടലിൽ ഉണ്ടായിരുന്നെന്നാണ് വിവരം. മരണസംഖ്യ ഇനി ഉയർന്നേക്കാമെന്ന് ആശങ്കയുണ്ട്.

മൂന്ന് പേരെ ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരെത്തി രക്ഷപെടുത്തി. തീ അണയ്ക്കാൻ ഇപ്പോഴും ശ്രമം തുടരുകയാണ്. തീപിടിത്തത്തിൻറെ കാരണം എന്താണെന്ന് വ്യക്തമല്ല.

# ബസിനടിയിൽ കിടന്ന തെരുവുനായയുടെ ആക്രമണത്തിൽ ഡ്രൈവർക്ക് ഗുരുതര പരിക്ക്

മലപ്പുറം: കെഎസ്ആർടിസി ഡിപ്പോയിൽ ബസിനടിയിൽ കിടന്ന തെരുവുനായ ഡ്രൈവറെ ആക്രമിച്ചു. കഴിഞ്ഞ ദിവസം മലപ്പുറത്തു നിന്നു കോഴിക്കോട്ടേക്കുള്ള ആദ്യ ട്രിപ്പ് എടുക്കാനായി എത്തിയ ഡ്രൈവർ അജ്മൽ ബാബുവിനാണ് നായയുടെ ആക്രമണത്തിൽ ഗുരുതരമായി പരുക്കേറ്റത്. ഇദ്ദേഹത്തെ സഹപ്രവർത്തകർ ഉടൻതന്നെ മലപ്പുറം താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

അജ്മൽ ബസിനടുത്തേക്കു ചെന്നു ഡോർ തുറക്കാൻ ശ്രമിക്കുന്നതിനിടെയാണ് ബസിനടിയിൽ കിടന്ന നായ ചാടിവീണത്. ഇദ്ദേഹത്തിൻറെ ശരീരത്തിൽ ആഴത്തിൽ മുറിവേൽപ്പിക്കുകയും ധരിച്ചിരുന്ന വസ്ത്രങ്ങൾ കടിച്ചു കീറുകയും ചെയ്തു. ആശുപത്രിയിൽ പ്രവേശിപ്പിച്ച ഇദ്ദേഹത്തിന് അടിയന്തര പ്രതിരോധ കുത്തിവയ്പ്പുകൾ നൽകിയിട്ടുണ്ട്. ഓഫീസ് സമയങ്ങളിൽ കോഴിക്കോട് റൂട്ടിൽ യാത്രക്കാർ സ്ഥിരമായി ആശ്രയിക്കുന്ന പ്രധാന സർവീസായിരുന്നു ഇത്. അധ്യാപകരും സ്ഥിരം യാത്രക്കാരും ബസ് സ്റ്റാൻഡിൽ ഉണ്ടായിരുന്നു. എന്നാൽ, ഡ്രൈവർക്ക് പരുക്കേറ്റതോടെ ഈ സർവീസ് പൂർണമായി റദ്ദാക്കേണ്ടി വന്നു.

കഴിഞ്ഞ ദിവസം രാത്രിയിൽ ഡിപ്പോയിൽ വച്ച് യാത്രക്കാരിക്കും തൊട്ടുമുന്നിലെ ചായക്കടയ്ക്കു സമീപം മറ്റൊരു ഡ്രൈവർക്കും തെരുവുനായുടെ കടിയേറ്റിരുന്നു. ജില്ലാ ആസ്ഥാനത്തെ പ്രധാന ജംഗ്ഷനായ കുന്നുമ്മലിലും പരിസരത്തും തെരുവുനായ്ക്കളുടെ എണ്ണം വർധിച്ചിരിക്കുകയാണ്. ഡിപ്പോയിലെ തെരുവുനായ ശല്യത്തിന് അടിയന്തര പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് മലപ്പുറം നഗരസഭയ്ക്ക് കത്ത് നൽകിയതായി ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ പറഞ്ഞു. കൂടാതെ, ഡിപ്പോ പരിസരത്ത് നായ്ക്കൾക്കു ഭക്ഷണം നൽകുന്നത് ഒഴിവാക്കണമെന്നും അതീവ ജാഗ്രത പാലിക്കണമെന്നും ജീവനക്കാർക്കു കർശന നിർദേശം നൽകിയിട്ടുണ്ട്.

# അങ്കമാലിയിൽ നിയന്ത്രണംവിട്ട കാർ കോളജ് മതിൽ ഇടിച്ചു തകർത്തു; നാലു പേർക്ക് പരിക്ക്

കൊച്ചി: അങ്കമാലിയിൽ നിയന്ത്രണംവിട്ട കാർ അപകടത്തിൽപെട്ട് നാലുപേർക്ക് പരിക്ക്. എംസി റോഡിൽ മോണിംഗ് സ്റ്റാർ കോളജിന് മുന്നിലായിരുന്നു അപകടം. നിയന്ത്രണംവിട്ട കാർ കോളജിൻറെ മതിൽ ഇടിച്ച് തകർക്കുകയും, മറ്റൊരു കാറിൽ ഇടിക്കുകയും ചെയ്തു.

അങ്കമാലിയിൽ നിന്നെത്തിയ അഗ്നിരക്ഷാ സേന വാഹനങ്ങൾ മാറ്റി ഗതാഗതം പുനഃസ്ഥാപിച്ചു. രണ്ടു മാസം മുമ്പ് മോണിംഗ് സ്റ്റാർ കോളജിലെ വിദ്യാർഥിയുടെ മരണത്തിന് ഇടയാക്കിയ അപകടം നടന്നതും ഈ പ്രദേശത്താണ്. വാഹനങ്ങളുടെ അമിത വേഗവും വളവുകളുമാണ് അപകടത്തിന് ഇടയാക്കുന്നത്.